കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കോടോം ബേളൂർ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി-10/1395/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 18.12.2018

ഡെപ്യൂട്ടി ഡയറക്ടർ,
സംസ്ഥാന ഓഡിറ്റ് വകുപ്പ് , കാസറഗോഡ്

പ്രസിഡന്റ് ,(സെക്രട്ടറി മുഖേന)

കോടോം ബേളൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കോടോം ബേളൂർ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടോം ബേളൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി 10/1395/2018 തിയ്യതി:18.12.2018

# കാസർഗോഡ് ജില്ലയിലെ കോടോം ബേളൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ കോടോം ബേളൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2017 മുതൽ 26-10-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. മഹേഷ.ബി,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05-11-2018 മുതൽ 16-11-2018വരെ |

<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</u>

| | |
|---|---|
| ശ്രീ. ലോകേഷ് ആചാരി.ബി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.വിനോദ് കുമാർ.വി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.തോമസ്.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജെന്ന കുര്യാക്കോസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.എം.ബാബു | സീനിയർ ഗ്രേഡ് ഓഡിറ്റർ |

<u>നിർവഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | സി.കുഞ്ഞിക്കണ്ണൻ | 01-04-2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | കെ.വി.ഉഷാദേവി | 01-04-2017 മുതൽ 04.08.2017 വരെ |
| | കെ.ബാലകൃഷ്ണൻ | 05-08-2017 മുതൽ 01-10-2017 വരെ |
| | സി.ആർ.സിദ്ധപ്പൻ (അസി.സെക്രട്ടറി) | 2-10-2017 മുതൽ 29-11-2017 വരെ |
| | കെ.സുരേഷ് കുമാർ | 30-11-2017 മുതൽ 28-01-2018 വരെ |
| | കെ.പ്രസന്ന കുമാർ | 29-01-2018 മുതൽ 16/02/2018 വരെ |
| | ജോസ് അബ്രഹാം | 17-02-2018 മുതൽ 31-03-2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ക്രമ. നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | സിദ്ധപ്പൻ സി.ആർ | 01-04-2017 മുതൽ 05-12-2017 വരെ |
| | | ജോസ് അബ്രഹാം | 05-12-2017 മുതൽ 31-03-2018 വരെ |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീരാഗ്.കെ.എസ് | 01-04-2017 മുതൽ 25-09-2017 വരെ |
| | | ഉമേഷ്.കെ.വി. | 26-09-2017 മുതൽ 12-10-2017 വരെ |
| | | സുമിഷ.കെ.കെ. | 13-10-2017 മുതൽ 31-03-2018 വരെ |
| 3 | കൃഷി ഓഫീസർ | ജ്യോതികുമാരി | 01-04-2017 മുതൽ 31/03/2018 വരെ |
| 4 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | പ്രസന്നകുമാരി | 01-04-2017 മുതൽ 31-03-2018 വരെ |
| 5 | വി.ഇ.ഒ തായന്നൂർ സർക്കിൾ | ഉമേഷ് കുമാർ | 01-04-2017 മുതൽ 31-03-2018 വരെ |
| | വി.ഇ.ഒ ബേളൂർ സർക്കിൾ | അശോകൻ | 01-04-2017 മുതൽ 09-01-2017 വരെ |
| | | ശ്രീനിവാസൻ.ജി | 10-01-2017 മുതൽ 31-03-2018 വരെ |
| 6 | പ്രധാനാധ്യാപകൻ | സുലൈഖ ബീവി | 01-04-2017 മുതൽ 31/03/2018 വരെ |
| 7 | വെറ്റിനറി സർജ്ജൻ | ദയാമോൻ | 01-04-2017 മുതൽ 21-10-2017 വരെ |
| | | ധന്യ ജോസഫ് | 22-10-2017 മുതൽ 31-3-2018 വരെ |
| 8 | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | ജോൺ ജോൺ .കെ | 01-04-2017 മുതൽ 31-03-2018 വരെ |

| | | | |
|---|---|---|---|
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ദിലീപ്.കെ | 01-04-2017 മുതൽ 31-03-2018 വരെ |
| 10 | മെഡിക്കൽ ഓഫീസർ ഹോമിയോ | സൈറ ജോൺ | 01-04-2017 മുതൽ 31-03-2018 വരെ |
| 1 | ഡയറി ഫാം ഇൻസ്ട്രക്ടർ | ജോസ് ജയകുമാർ | 01-04-2017 മുതൽ 31-03-2018 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി. | 1-8 |
| 9 | ക്ഷേമ പദ്ധതികൾ | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | ആഭ്യന്തരനിയന്ത്രണം. | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| | ഇല്ല. | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 13 | പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പാക്കാത്തുമൂലം 4.17 കോടി രൂപ വിനിയോഗിക്കുവാൻ സാധിച്ചിട്ടില്ല. | 3-1 |

| | | |
|---|---|---|
| 14 | ഗ്രാമ സേവാ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ- വാങ്ങിയ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഉപയോഗിക്കുന്നില്ല- 6.34 ലക്ഷം രൂപയുടെ പാഴ്ച്ചെലവ്. | 3-2 |
| 15 | മരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിൽ കാലതാമസം | 3-3 |
| 16 | മരാമത്ത് പ്രവൃത്തി- കരാർ ചമക്കുന്നതിൽ കാലതാമസം | 3-4 |
| 17 | ഓവർഹെഡ് ചാർജസ് അനുവദിച്ച പ്രവൃത്തികളുടെ നികുതി വിഹിതം പഞ്ചായത്ത് വഹിച്ചു | 3-5 |
| 18 | പട്ടിക വ്വഗ ഉപ പദ്ധതി (അഡീഷണൽ) പ്രകാരമുള്ള പ്രോജക്ടുകളുടെ നടത്തിപ്പിലെ അപാകതകൾ | 3-6 |
| 19 | മരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിൽ വിവിധങ്ങളായ അപാകതകൾ | 3-7 |
| 20 | ഏറ്റെടുത്ത പൊതുമരാമത്ത് പ്രോജക്ടുകൾ യഥാസമയം നടപ്പിലാക്കാനായിട്ടില്ല- ചെലവിൽ വലിയ ഇടിവ് | 3-8 |
| 21 | വിദ്യാർത്ഥികൾക്ക് പഠന ഉപകരണങ്ങൾ (പട്ടിക വർഗ്ഗം)- ചെലവ് രേഖകൾ അപൂർണ്ണം | 3-9 |
| 22 | പഠന മുറി നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു. | 3-10 |
| 23 | ഭവന നിർമ്മാണപദ്ധതികൾ പൂർത്തിയാക്കാത്തത് സംബന്ധിച്ച് | 3-11 |
| 24 | ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം(പട്ടികവർഗ്ഗം) പദ്ധതിയിലെ അപാകതകൾ | 3-12 |
| 25 | വ്യക്തിഗത സബ്സിഡി അനുവദിക്കുന്നതിന് നിരീക്ഷണ/മോണിട്ടറിങ് സംവിധാനമില്ല, പരിധി കവിഞ്ഞ് നൽകിയ സബ്സിഡി തുക തിരികെ ഈടാക്കേണ്ടതാണ്. | 3-13 |
| 26 | വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികൾ സംബന്ധിച്ച് | 3-14 |
| 27 | ഡയറി ഫാം ഇൻസ്ടക്ടർ നിർവ്വഹണം നടത്തിയ പദ്ധതികൾ സംബംന്ധിച്ച് | 3-15 |
| 28 | ന്യൂട്രിമിക്സ് പർച്ചേസ്-ജി.എസ്.ടി കൂടുതൽ നൽകിയത്- | 3-16 |
| 29 | ന്യൂട്രിമിക്സ് പർച്ചേസ്- ഗുണനിലവാരം പരിശോധന ടെസ്റ്റ് നടത്തിയിട്ടില്ല- | 3-17 |
| 30 | വയോജനങ്ങൾക്ക് കട്ടിൽ- | 3-18 |
| 31 | സ്കൂളുകൾക്ക് വാട്ടർ പ്യൂരിഫൈർ നൽകിയത്-ഉപയോഗശൂന്യം- | 3-19 |
| 32 | മുൻകൂർ തുക നൽകിയിട്ടും മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല | 3-20 |
| 33 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 3-21 |
| 34 | കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് - | 3-22 |

| | | |
|---|---|---|
| | ഘടകസ്ഥാപനങ്ങളുടെ കൈപ്പറ്റ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. | |
| 35 | ജല സുരക്ഷ – കിണർ റീ-ചാർജ്ജിങ് (390/18) | 3-23 |
| 36 | സുലേഖ സ്റ്റേറ്റ്മെന്റിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല | 3-24 |
| 37 | തരിശ്ഭൂമി ഫലസമൃദ്ധമാക്കിയത് | 3-25 |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 38 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 39 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 41 | വായ്പ , വായ്പ തിരിച്ചടവ് | 4-4 |
| 42 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 45 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


അനുബന്ധപത്രികകൾ

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| വർഷം | 2017-18 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| തീരുമാനം നമ്പർ തീയ്യതി | നം.1/71/17 dt.29-03-2017 | നം. 2/1 dt.26-03-2018 |
| മുന്നിരിപ്പ് | 3,81,41,808 | 2,51,95,778 |
| വരവ് | 21,76,67,500 | 28,50,22,453 |
| ആകെ | 25,58,09,308 | 31,02,18,231 |

| | | |
|---|---|---|
| ചെലവ് | 24,63,68,500 | 26,56,47,965 |
| നീക്കിയിരിപ്പ് | 94,40,808 | 4,45,70,266 |

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31-07-2018 | 15-06-2018* |

*ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 28-09-2018 ലെ എ.ഒ. 02/18നമ്പർ കത്ത്പ്രകാരം വാർഷിക ധനകാര്യ പത്രിക പുതുക്കി സമർപ്പിച്ചിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 06-07-2018 &07-07-2018 | കെ.എസ്.എ-കെ.എസ്.ഡി.3/607/18 തി. 10-08-2018 (ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1.ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.) |

വാർഷിക ധനകാര്യ പത്രിക പരിശോധന വേളയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് റിസീവ്ഡ് തുക 3,33,218/- രൂപയാണ്. ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
2. ബാലൻസ് ഷീറ്റ് B- 11ഷെഡ്യൂൾ പ്രകാരം ഫിക്സഡ് അസ്സറ്റ് തുക 13,50,75,174/- ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി അസ്സറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
3. ബാലൻസ് ഷീറ്റ് B- 11(a)ഷെഡ്യൂൾ പ്രകാരം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് തുക 47,70,389/- ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
4. വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-7ഷെഡ്യൂൾ പ്രകാരം വികസന ഫണ്ട് ജനറൽ വരവ് 1,55,01,701/- രൂപയാണ്, എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വരവ് തുക 1,56,66,627/- രൂപയാണ്. വരവ് തുക പൊരുത്തപ്പെടുന്നില്ല.
5. വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-7ഷെഡ്യൂൾ പ്രകാരം വികസന ഫണ്ട് എസ്.സി.പി. വരവ് 77,08,463/- രൂപയാണ്, എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വരവ് തുക 78,38,423/- രൂപയാണ്. വരവ് തുക പൊരുത്തപ്പെടുന്നില്ല.

6. വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-7ഷെഡ്യൂൾ പ്രകാരം വികസന ഫണ്ട് ടി.എസ്.പി. വരവ് കാണിച്ചിട്ടില്ല, എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വരവ് തുകയായി 22,756/- രൂപ കാണിച്ചിട്ടുണ്ട്. വരവ് തുക പൊരുത്തപ്പെടുന്നില്ല.

7. വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-7ഷെഡ്യൂൾ പ്രകാരം ജനറൽ പർപ്പസ് ഫണ്ട് വരവ് 1,18,46,269/- രൂപയാണ്, എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ ട്രഷറി ബിൽ ബുക്ക് പ്രകാരം വരവ് തുക 1,07,75,985/- രൂപയാണ്. വരവ് തുക പൊരുത്തപ്പെടുന്നില്ല.

8. വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-7ഷെഡ്യൂൾ പ്രകാരം വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം ഇനത്തിൽ വരവ് 1,80,000/- രൂപയാണ്, എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായ രജിസ്റ്റർ പ്രകാരം ആകെ വരവ് തുക 4,20,000/- രൂപയാണ്. വരവ് തുക പൊരുത്തപ്പെടുന്നില്ല.

9. വാർഷിക ധനകാര്യ പത്രികയിലെ ഇൻകം& എക്സ്പെൻഡിച്ചർ പത്രിക I-6 ഷെഡ്യൂൾ പ്രകാരം അമ്പത് വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ ഇനത്തിൽ വരവ് കാണിച്ചിട്ടുള്ളത് 6,15,500/-രൂപയാണ്, എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഡി.ബി.ടി പത്രിക പ്രകാരം വരവ് തുക 8,43,200/- രൂപയാണ്. തുക പൊരുത്തപ്പെടുന്നില്ല.

10. MGNREGA – FTO തുക പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യ പത്രികയിലെ ഇൻകം& എക്സ്പെൻഡിച്ചർ പത്രിക I-6 ഷെഡ്യൂൾ പ്രകാരമുള്ള ആകെ വരവ് തുകയായ 4,12,48,043/- രൂപയിൽ നിന്നും റസീറ്റ് & പേമെന്റ് പത്രികയിൽ RP-16ഷെഡ്യൂൾ പ്രകാരമുള്ള ചെലവ് തുകയായ 11,74,361/- രൂപ കിഴിച്ച് കിട്ടുന്ന 4,00,73,682/- രൂപയാണ് FTO തുക. എന്നാൽ ഗ്രാമ പഞ്ചായത്ത് സമർപ്പിച്ച FTO പത്രിക പ്രകാരം ഈ തുക 3,74,14,511/-രൂപയാണ്. ഇവ തമ്മിലുള്ള വ്യത്യാസം 26,59,171/- രൂപയാണ്. ഈ തുക റസീറ്റ് & പേമെന്റ് പത്രികയിലെ 460500501 ഹെഡിലെ നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ നൽകിയ തുകയായ 1,62,871/- രൂപയുമായി പൊരുത്തപ്പെടുന്നില്ല.

11. വാർഷിക ധനകാര്യ പത്രികയിലെ ഇൻകം& എക്സ്പെൻഡിച്ചർ പത്രിക, റസീറ്റ് & പേമെന്റ് പത്രിക എന്നിവ പ്രകാരം വസ്തുനികുതി, തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് എന്നീ ഇനങ്ങളിലെ ഡിമാന്റ്, കളക്ഷൻ തുകകൾ ഗ്രാമ പഞ്ചായത്ത് ഡിമാന്റ്, കളക്ഷൻ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക ധനകാര്യ പത്രിക | | ഗ്രാമ പഞ്ചായത്ത് ഡിമാന്റ്, കളക്ഷൻ രജിസ്റ്റർ | |
|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ഡിമാന്റ് | കളക്ഷൻ |
| വസ്തു നികുതി കറണ്ട് | 39,78,792 | 26,63,578 | 41,33,713 | 27,41,206 |
| വസ്തുനികുതി കുടിശ്ശിക | - | 28,13,731 | - | 28,34,129 |

| | | | | |
|---|---|---|---|---|
| തൊഴിൽ നികുതി ട്രെഡേഴ്സ് | 3,48,740 | 3,16,320 | 2,86,970 | 2,86,970 |
| തൊഴിൽ നികുതി -ജീവനക്കാർ | 10,89,800 | 10,89,800 | 10,98,010 | 10,90,400 |
| ഡി&ഒ ലൈസൻസ് | 1,33,400 | 1,13,600 | 1,13,600 | 1,13,600 |

വാർഷിക ധനകാര്യ പത്രികയും ഗ്രാമ പഞ്ചായത്ത് ഡിമാന്റ്, കളക്ഷൻ രജിസ്റ്ററുകളും തമ്മിലുള്ള വ്യത്യാസം നിലനിൽക്കുന്നു.

12. വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-40(b)ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പിൽ ചില അക്കൗണ്ടുകളുടെ വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് തുകയും ബാങ്ക് പാസ്സ് ബുക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല/റീക്കൺസിലേഷൻ നടത്തിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1. എസ്.ബി.ഐ ബാങ്ക് അക്കൗണ്ട് നം.50083 പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് തുക 5,991/- രൂപയാണ്. ബാങ്ക് പാസ്സ് ബുക്ക് കാലികമാക്കാത്തതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
2. ഐ.ഒ.ബി അക്കൗണ്ട് നം.9779 പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് തുക 10,093/- രൂപയാണ്. ബാങ്ക് പാസ്സ് ബുക്ക് ഹാജരാക്കാത്തതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
3. കേരളാ ഗ്രാമീൺ ബാങ്ക് അക്കൗണ്ട് നം.9520 പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് തുക 2,14,720/- രൂപയാണ്. എന്നാൽ ബാങ്ക് പാസ്സ് ബുക്ക് പ്രകാരം ,നീക്കിയിരിപ്പ് തുക 14,720/- രൂപയാണ്. വ്യത്യാസം 2,00,000/- രൂപയുടെ റീക്കൺസിലേഷൻ നടത്തിയിട്ടുണ്ട്. പക്ഷെ ഈ തുകയുടെ ചെക്ക് നൽകിയത് 21-12-2011 നാണ്( ചെക്ക് നം.008889/21-12-2011), 2012 ജൂൺ മാസം 20ന് കാലാവധി കഴിഞ്ഞ ചെക്കാണിത്. വർഷങ്ങളായി കാലാവധി കഴിഞ്ഞ ചെക്ക് ക്യാൻസൽ ചെയ്ത് വരവ് വെക്കാതെ ചെലവിൽ തന്നെ കാണിക്കുന്നതിന് വിശദീകരണം നൽകിയിട്ടില്ല.
4. ട്രഷറി സ്പെഷ്യൽ ടി.എസ്.ബി(ജോയിന്റ് വെഞ്ച്വർ) അക്കൗണ്ട് പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് തുക (-)5,35,740/- രൂപയാണ്. എന്നാൽ ബാങ്ക് പാസ്സ് ബുക്ക് പ്രകാരം ,നീക്കിയിരിപ്പ് തുക 1,73,500/- രൂപയാണ്. റീക്കൺസിലേഷൻ നടത്തിയിട്ടില്ല.

കോടോംബേളൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ സൂചിപ്പിച്ച് നം: കെ.എസ്.എ/കെ.എസ്.ഡി.3 /607/2018. 10-08-2018 പ്രകാരം സാക്ഷ്യപത്രം പുറപ്പെടുവിച്ചിരുന്നു.ഇതിൽ പരാമർശിച്ച ചില അപാകതകൾ പരിഹരിച്ച് ഭേദഗതി വരുത്തിയ വാർഷിക ധനകാര്യ പത്രിക ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 28-09-2018 ലെ എ.ഒ.2/18 നമ്പർ കത്ത് പ്രകാരം ഓഡിറ്റിന് ലഭ്യമാക്കുകയുണ്ടായി . എന്നാൽ ഇതു പ്രകാരമുള്ള മാറ്റങ്ങൾ വരുത്തിയ പുതുക്കിയ വാർഷിക ധനകാര്യപത്രിക എയിംസിൽ ഇ-സബ്മിറ്റ് ചെയ്യാത്തതിനാലും, മാറ്റങ്ങൾ വരുത്തിയിട്ടുള്ളത് 2018-19 സാമ്പത്തിക വർഷമായതിനാലും നിലവിൽ ആയത് പരിഗണിക്കുവാൻ സാധിക്കുകയില്ല.പുതുക്കിയ വാർഷിക കണക്കിൽ നീക്കിയിരിപ്പിലുൾപ്പടെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ആയതിനുള്ള വിശദീകരങ്ങൾ സഹിതം അപാകതകൾ പരിഹരിച്ചത് സംബന്ധിച്ച റിപ്പോർട്ട് 2018-19 വർഷത്തെ വാർഷിക

ധനകാര്യപത്രികയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

( വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2017-18* |
|---|---|
| മുന്നിരിപ്പ് | 3,20,33,751 |
| വരവ് | 9,80,91,974 |
| ആകെ | 13,01,25,725 |
| ചെലവ് | 11,26,53,874 |
| നീക്കിയിരിപ്പ് | 1,74,71,851 |

*(ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 28-09-2018 ലെ എ.ഒ. 02/18നമ്പർ കത്ത്പ്രകാരം വാർഷിക ധനകാര്യ പത്രിക പുതുക്കി സമർപ്പിച്ചിരുന്നുവെങ്കിലും എയിംസ് മുഖേന സമർപ്പിക്കാത്തതിനാലും, മാറ്റങ്ങൾ വരുത്തിയത് 2018-19 സാമ്പത്തിക വർഷമായതിനാലും ആയത് പരിഗണിച്ചിട്ടില്ല. എയിംസ് മുഖേന നേരത്തേ സമർപ്പിച്ച വാർഷിക കണക്ക് പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത് )

## 1-5 ഫണ്ട് വിനിയോഗം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (രൂപ) | തൻവർഷ വരവ്(രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കി യിരിപ്പ് (രൂപ) | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,98,62,119 | 2,98,62,119 | 1,55,01,701 | 1,43,60,418 | 51.91% |
| വികസനഫണ്ട് എസ്.സി.പി. | 0 | 1,40,77,398 | 1,40,77,398 | 77,08,423 | 63,68,975 | 54.75% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 22,756 | 22,756 | - | 22,756 | 0% |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2,56,98,000 | 2,56,98,000 | 1,68,07,200 | 88,90,800 | 65.40% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 54,09,000 | 54,09,000 | 3,55,6134 | 18,52,866 | 65.74% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,71,43,041 | 1,71,43,041 | 95,59,865 | 75,83,176 | 55.76% |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 0 | 65,69,570 | 65,69,570 | 39,20,064 | 26,49,506 | 59.67% |

| | | | | | | |
|---|---|---|---|---|---|---|
| | ആകെ | 9,87,81,884 | 9,87,81,884 | 5,70,53,387 | 4,17,28,497 | 57.75% |

(* വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യക്കമ്മീഷൻ ഗ്രാന്റ്, ലോകബാങ്ക് ധനസഹായം എന്നീയിനങ്ങളിലെ നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടതിനാൽ ഈയിനങ്ങളിൽ നീക്കിയിരിപ്പില്ല. ലാപ്സായ തുക ₹4,17,28,497 )

ബി) ഫണ്ട് വിനിയോഗം രസീപ്റ്റ്& പേയ്മെന്റ് പത്രിക പ്രകാരം

| ഫണ്ടിനം | മുൻബാക്കി (രൂപ) | തൻവർഷ വരവ്(രൂപ) | ആകെ(രൂപ) | ചെലവ് (രൂപ) | നീക്കി യിരിപ്പ് (രൂപ) |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | | 1,55,01,701 | 1,55,01,701 | 1,55,01,701 | |
| വികസന ഫണ്ട് -എസ്.സി.പി | | 77,08,423 | 77,08,423 | 77,08,423 | |
| വികസന ഫണ്ട് -ടി.എസ്.പി | | - | - | - | |
| മെയിന്റനൻസ്, ഗ്രാന്റ് റോഡ് | | 1,68,07,200 | 1,68,07,200 | 1,68,07,200 | |
| മെയിന്റനൻസ്,ഗ്രാന്റ് നോൺ- റോഡ് | | 35,56,134 | 35,56,134 | 35,56,134 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 95,59,865 | 95,59,865 | 95,59,865 | |
| കെ.എൽ.എസ്.ജി.ഡി.പി. (ലോക ബാങ്ക് ) | | 39,20,064 | 39,20,064 | 39,20,064 | |
| ബി. ഫണ്ട് | | 2,70,400 | 2,70,400 | 2,70,400 | |
| ട്രഷറി തനത് ഫണ്ട്. | 24,500,497 | 1,79,21,181 | 4,24,21,678 | 3,68,85,218 | 55,36,460 |
| ട്രഷറി സംയുക്ത പദ്ധതി | 0 | 37,85,000 | 37,85,000 | 43,20,740 | (-)5,35,740 |
| സിൻഡിക്കേറ്റ് ബാങ്ക് ഇ-പേയ്മെന്റ് | 0 | 74,241 | 74,241 | 0 | 74,241 |
| ഐ.ഒ.ബി. തനത് ഫണ്ട് | 39,80,541 | 1,73,32,162 | 2,13,12,703 | 99,72,692 | 1,13,40,011 |

| | | | | | |
|---|---|---|---|---|---|
| ഐ.ഒ.ബി. IWMP | 1,04,359 | 4,056 | 1,08,415 | 1,08,415 | 0 |
| ഐ.ഒ.ബി.TSC | 19,08,657 | 74,178 | 19,82,835 | 19,82,835 | 0 |
| ഐ.ഒ.ബി.സാക്ഷരത | 440 | 0 | 440 | 440 | 0 |
| എസ്.ബി.ഐ ജലനിധി | 3,38,034 | 12,591 | 3,50,625 | - | 3,50,625 |
| എസ്.ബി.ഐ--50083 | 5,991 | 0 | 5,991 | 0 | 5,991 |
| ഐ.ഒ.ബി.--9779 | 10,093 | 6,077 | 16,170 | 6,077 | 10,093 |
| KGB വാട്ടർഷെഡ് | 2,96,193 | 2,763 | 2,98,956 | 84,236 | 2,14,720 |
| തായന്നൂർ എസ്.സി.ബി പശ്ചിമ ഘട്ട പദ്ധതി | 2,36,351 | 9,454 | 2,45,805 | 0 | 2,45,805 |
| തായന്നൂർ എസ്.സി.ബി- | 14,605 | 584 | 15,189 | 0 | 15,189 |
| തായന്നൂർ എസ്.സി.ബി-3985 | 580 | 23 | 603 | 0 | 603 |
| തായന്നൂർ എസ്.സി.ബി-2654 | 2,508 | 100 | 2,608 | 0 | 2,608 |
| ജില്ലാ സഹകരണ ബാങ്ക് -38 | 4,343 | 749 | 5,092 | 0 | 5,092 |
| ഐ.ഒ.ബി -MGNREGA | 5,10,105 | 15,45,028 | 20,55,133 | 19,07,741 | 1,47,392 |
| ക്യാഷ് | 1,20,454 | | 1,20,454 | 61,693 | 58,761 |
| ആകെ | 3,20,33,751 | 9,80,91,974 | 13,01,25,725 | 11,26,53,874 | 1,74,71,851 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ |
|---|---|---|---|---|

| | | | | ശതമാനം |
|---|---|---|---|---|
| 346 | 137 | 13 | 196 | 39.59% |

<u>നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം</u>

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2017-18 വർഷ ത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2017-18 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാ നം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ (രൂപ) | എണ്ണം | ചെലവ് തുക(രൂപ) | |
| 1 | സെക്രട്ടറി | 39 | 2,32,23,588 | 18 | 1,03,69,512 | 44.65% |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 14 | 1,17,46,051 | 4 | 25,40,000 | 21.62% |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 229 | 19,17,14,740 | 77 | 2,77,41,362 | 14.47% |
| 4 | കൃഷി ഓഫീസർ | 17 | 93,83,454 | 12 | 36,31,749 | 38.70% |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ബേളൂർ സർക്കിൾ | 7 | 62,05,750 | 5 | 16,66,426 | 26.85% |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തായന്നൂർ സർക്കിൾ | 2 | 1,33,26,458 | 2 | 28,08,550 | 21.07% |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 71,54,277 | 11 | 54,95,577 | 76.82% |
| 7 | വെറ്റനറി സർജ്ജൻ | 5 | 29,66,500 | 4 | 3,43,000 | 11.56% |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 1 | 7,00,000 | 1 | 7,00,000 | 100% |
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 6 | 17,00,000 | 6 | 15,28,182 | 89.89% |
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 6,00,000 | 1 | 6,00,000 | 100% |

| | | | | | | |
|---|---|---|---|---|---|---|
| 11 | പ്രധാനാധ്യാപകൻ | 11 | 30,23,200 | 7 | 22,69,112 | 75.06% |
| 12 | ഡയറി ഫാം ഇൻസ്പെക്ടർ | 2 | 34,30,000 | 2 | 34,30,000 | 100% |
| | ആകെ | 346 | 27,51,74,018 | 150 | 6,31,23,470 | 22.94% |

2017-18 വാർഷിക പദ്ധതി നടത്തിപ്പിൽ ഗ്രാമപഞ്ചായത്തിന് കാര്യമായ പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല . ഐ.കെ.എം.ചെലവ് പത്രിക പ്രകാരം ആകെ പദ്ധതി അടങ്കലിന്റെ നാലിലൊന്ന് ഭാഗം പോലും (22.94%) വിനിയോഗിക്കുവാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല. പദ്ധതി അടങ്കലിന്റെ മൂന്നിൽ രണ്ട് ഭാഗവും നീക്കിവെച്ചത് പൊതുമരാമത്തുമായി ബന്ധപ്പെട്ട പദ്ധതികൾക്കായിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥൻ അസി.എഞ്ചിനിയർ നടപ്പിലാക്കുന്നതിനായി 19.17 കോടി അടങ്കലുള്ള 229 പദ്ധതികൾ ആവിഷ്കരിച്ചിരുന്നുവെങ്കിലും 77 പദ്ധതികളിലായി 2.77 കോടി രൂപ (14.4%) മാത്രമാണ് വിനിയോഗിക്കുവാൻ സാധിച്ചത്. പശ്ചാത്തല മേഖലയിലെ പദ്ധതി നടത്തിപ്പിലുണ്ടായ കുറവ് ആകെ പദ്ധതി ചെലവിനെ ബാധിച്ചിട്ടുണ്ട്. വെറ്റിനറി സർജ്ജൻ, സെക്രട്ടറി, അസി.സെക്രട്ടറി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തുടങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നടത്തിപ്പിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടില്ല. തൻവർഷം പദ്ധതി നടത്തിപ്പിനായി അനുവദിച്ച വിവിധ സർക്കാർ ഗ്രാന്റുകളിൽ 4.17 കോടി രൂപ വിനിയോഗിക്കുവാൻ സാധിക്കാതെ സർക്കാർ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെടുകയാണുണ്ടായത്. ഗ്രാമ പഞ്ചായത്തിന്റെ വികസനത്തിനും, അതുവഴി പൊതുജനക്ഷേമത്തിനും പ്രയോജനപ്പെടേണ്ട സർക്കാർ ധനസഹായങ്ങൾ ചെലവഴിക്കുവാൻ സാധിക്കാതെ നഷ്ടപ്പെടുവാൻ ഉണ്ടായ സാഹചര്യം പരിശോധിക്കേണ്ടതും, പോരായ്മകൾ പരിഹരിക്കുന്നതിന് വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളും, ഭരണസമിതിയും ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

<u>പദ്ധതിച്ചെലവ് മേഖല തിരിച്ചുള്ള കണക്ക്</u>

| മേഖല | അംഗീകരിച്ച് പദ്ധതി പ്രകാരം 2017-18വർഷം നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2017-18വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ (രൂപ) | എണ്ണം | ചെലവ് തുക (രൂപ) | |
| ഉല്പാദനം | 36 | 2,04,79,954 | 21 | 82,10,325 | 40.68% |
| സേവനം | 125 | 6,68,16,750 | 59 | 2,74,30,634 | 41.05% |
| പശ്ചാത്തലം | 185 | 18,78,77,314 | 70 | 2,74,82,511 | 14.62% |
| ആകെ | 346 | 2751,74,018 | 150 | 6,31,23,470 | 22.94% |

## 1-7 <u>തനത് വരുമാനം.</u>

മുൻ വർഷത്തെ അപേക്ഷിച്ച് തൻവർഷം തനത് നികുതി നികുതിയേതര വരുമാനയിനങ്ങളുടെ വരവിൽ 26.31വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (രൂപ) | തൻവർഷം (രൂപ) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5480384 | 7068789 | +1588405 | +28.98% |
| നികുതിയേതര വരവുകൾ | 813261 | 838840 | +25579 | +3.14% |
| മറ്റുള്ളവ | 152845 | 235374 | +82529 | + 53% |
| ആകെ | 6446490 | 8143003 | 1696513 | 26.31 |

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ് (രൂപ) |
|---|---|---|---|---|---|
| ഭരണച്ചെലവ് | 5,10,105 | 15,45,028 | 20,55,133 | 19,07,751 | 1,47,382 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,74,01,011 | 3,74,01,011 | 3,74,01,011 | 0 |
| ആകെ | 5,10,105 | 3,89,46,039 | 3,94,56,144 | 3,93,08,762 | 1,47,382 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2017-18 വർഷം 5886 പദ്ധതികളുൾപ്പെടുന്ന ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. എന്നാൽ തൻ വർഷം 1219 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 1,24,160 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ദിനം ലഭിച്ച 325 കുടുംബങ്ങളുണ്ട്.

## 1-9 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 35,400 | 60 |
| കർഷകതൊഴിലാളി പെൻഷൻ | 55,51,500 | 463 |
| വിധവാപെൻഷൻ | 1,73,96,600 | 1415 |
| വാർദ്ധക്യകാലപെൻഷൻ | 3,01,11,400 | 2162 |
| വികലാംഗപെൻഷൻ | 59,75,000 | 513 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 8,43,200 | 69 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 4,20,000 | 14 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.11.2018 ന് (3.55 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10,433/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 4 |
| 6 | ക്ലാർക്ക് | 3 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 |
| 8 | പാർട്ട് ടൈം സ്വീപ്പർ | |
| 9 | ഡ്രൈവർ | 1 |

പ്രധാന തസ്തികകളിൽ ജീവനക്കാർ തുടർച്ചയായി സ്ഥലം മാറിപ്പോകുന്ന സ്ഥിതി വിശേഷം പദ്ധതി നടത്തിപ്പിന്റെ തുടർച്ചയെ ബാധിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 08.01.2018 ലെ ഉത്തരവ് നം എ2/1/2018/sc2പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഓഫീസ് ഉത്തരവിൽ പിന്നീട് പുതിയ ചുമതലകൾ വരുന്നതിന്റെയടിസ്ഥാനത്തിൽ നിരവധി ഉപ ഉത്തരവുകൾ പ്രകാരം കൂട്ടിചേർക്കലുകളുണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (staff meeting) 2017-2018 സാമ്പത്തിക വർഷം 5 തവണ ചേർന്നിട്ടുണ്ട്. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്. ഗ്രാമ പഞ്ചായത്ത് ജീവനക്കാർ പേഴ്സണൽ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. പേഴ്സണൽ രജിസ്റ്ററുകൾ കത്യമായി സൂക്ഷിക്കുവാനും അവ മാസംതോറും

പിശോധിക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്

ജീവനക്കാരുടെ ഹാജർ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകള് കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. (വാർഷിക ധനകാര്യ പരിശോധന സാക്ഷ്യപത്രത്തിൽ സൂചിപ്പിച്ച അപാകതകളിൽ ചിലത് പരിഹരിച്ച് പുതുക്കിയ വാർഷിക ധനകാര്യ പത്രിക അധികൃതർ സമർപ്പിക്കുകയുണ്ടായി. എന്നാൽ ഇത് ഓൺലൈനായി സമർപ്പിച്ചിട്ടില്ല.) ക്യാഷും അക്കൌണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട്സുകളും അക്കൗണ്ട് പോളിസികളും പാലിക്കുന്നുണ്ട്. ദിവസാന്ത്യ/മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. എന്നാൽ ചില അക്കൗണ്ടുകളുടെ റീ കൺസിലിയേഷൻ പത്രികകളിൽ കാലാവധി കഴിഞ്ഞ ചെക്കുകൾ ചേർത്തിട്ടുള്ളത് ശ്രദ്ധയിൽപെടുകയുണ്ടായി. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ചില അക്കൗണ്ടുകളിൽ ഇടപാടുകൾ ഒന്നും തന്നെയില്ല. ഇത്തരം അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയ്ക്കായി ഒരു അക്കൗണ്ട് നാളിതുവരെ ആരംഭിച്ചിട്ടില്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

തനത് നികുതി നികുതിയിതര വരവിനങ്ങളിൽ വസ്തു നികുതി, തൊഴിൽ നികുതി, എന്നിവയൊഴികെയുള്ളവ കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഇല്ല. വസ്തു നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റ് വെയർ മുഖേനയാണ്. ഇതിലെ സാങ്കേതിക പ്രശ്നങ്ങൾ നാളിതുവരെ പരിഹരിക്കുവാൻ സാധിച്ചിട്ടില്ല. തൻ വർഷം 100 % നികുതി പിരിവ് കൈവരിക്കാൻ സാധിച്ചിട്ടില്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ ഐ.കെ.എം അധികൃതരുമായി ബന്ധപ്പെട്ട് പരിഹരിച്ച് നികുതി പരിവ് കാര്യക്ഷമമാക്കുവാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

സാധന സാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ട്. എന്നാൽ പർച്ചേസിങ്ങ് കമ്മിറ്റി സാധനങ്ങളുടെ ഗുണനിലവാരത്തിന്റെയടിസ്ഥാനത്തിൽ കൂടിയ നിരക്കിലുള്ളയിനങ്ങൾ വാങ്ങുന്ന സംഗതികളിൽ ബന്ധപ്പെട്ട മേഖലകളിലെ വിദഗ്ദരുടെ സേവനം പ്രയോജനപ്പെടുത്തിക്കാണുന്നില്ല. പർച്ചേസിങ്ങ് കമ്മിറ്റിയുടെ ചില യോഗങ്ങളിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മാത്രം പങ്കെടുത്തതായി കാണുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് തല പർച്ചേസിങ്ങ് കമ്മിറ്റിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. വാങ്ങൽ നടപടികളിൽ ഗുണനിലവാരത്തിനൊപ്പം ഗ്രാമ പഞ്ചായത്തിന്റെ ധനകാര്യ സ്ഥിതിയ്ക്കും പരിഗണന നൽകേണ്ടതാണ്.

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. 2017-2018വർഷം പുതുതായി സൃഷ്ടിച്ച ആസ്തികൾ സചിത്ര സോഫ്റ്റ് വെയറിൽ ചേർത്തതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2017-18സാമ്പത്തിക വർഷം പഞ്ചായത്ത് ഭരണസമിതി 23 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 15 പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 17പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ്

കമ്മിറ്റി 15പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 പ്രാവശ്യവും യോഗം ചേരുന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാരുടെ സാന്നിധ്യം ഉറപ്പുവരുത്തേണ്ടതാണ്. ഗ്രാമ സഭകൾ കൃത്യമായി ചേരുന്നുണ്ടെങ്കിലും ചില ഗ്രാമ സഭകൾ ആവശ്യമായ ക്വോറം തികയാതെ ചേർന്നത് ശ്രദ്ധയിൽ പെടുകയുണ്ടായി .

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനംഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23/10/2018 | സെപ്റ്റംബർ2018 | 23/10/2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15/11/206 | 2011-12 മുതൽ 2015-16 വരെ | 23/01/2017 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 -ഇല്ല-

ഭാഗം രണ്ടിൽ പരാമർശങ്ങളൊന്നുമില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രൊജക്റ്റുകൾ സമയബന്ധിതമായി നടപ്പാക്കാത്തുമൂലം 4.17 കോടി രൂപ വിനിയോഗിക്കുവാൻ സാധിച്ചിട്ടില്ല.

വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് സംസ്ഥാന സർക്കാരിൽനിന്ന് വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ലോക ബാങ്ക് ധന സഹായം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ആകെ 9.87 കോടി രൂപ (₹9,87,81,884/-) അനുവദിച്ചിട്ടുണ്ട്. ഇതിൽ 5.70കോടി രൂപ (₹5,70,53,387/-) മാത്രമാണ് ഗ്രാമ പഞ്ചായത്ത് തൻവർഷം വിനിയോഗിച്ചത്. ,സമയബന്ധിതമായി പ്രൊജക്റ്റുകൾ നടപ്പാക്കാത്തതിനാൽ 4.17 കോടി രൂപ (₹4,17,28,497/-) വിനിയോഗിക്കാൻ സാധിച്ചില്ല. ,വികസന പ്രവർത്തനങ്ങൾക്ക് ഗ്രാമ പഞ്ചായത്തിന് തൻവർഷം അനുവദിച്ച തുകയുടെ 42% തുകയും ചെലവ് ചെയ്യാത്തതിനാൽ ലാപ്സാവുകയാണുണ്ടായത്. (പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ഈ റിപ്പാർട്ടിലെ ഖണ്ഡിക 1-5ൽ ചേർത്തിട്ടുണ്ട്)., 2017-18 സാമ്പത്തിക വർഷം ആകെ 346 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 150 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. അംഗീകാരം ലഭിച്ച പദ്ധതികളുടെ 43.35% മാത്രമാണ് നടപ്പിലാക്കിയത്.

ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് വികസന ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണ് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയില്ലായ്മയും വേഗതക്കുറവും കാരണം നഷ്ടപ്പെടാനിടയായത്. ഗ്രാമ സഭകളിൽ നിന്ന്

ഉയർന്ന് വരുന്ന ഓരോ പദ്ധതികളും ഫലപ്രദമായി നടപ്പാക്കുന്നത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമതയില്ലായ്മ ജനങ്ങളെ ഗ്രാമ സഭകളിൽ നിന്നും, ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്നും പിന്നോട്ട് നിൽക്കുന്നതിന് കാരണമാകുന്നതാണ്. ജനങ്ങളുടെ സഹകരണത്തോടെ ഗ്രാമ സഭകളും വർക്കിങ് ഗ്രൂപ്പുകളുമൊക്കെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ലഭ്യമായ ഫണ്ടുകൾ മുഴുവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് പ്രൊജക്ടുകൾ സമയ ബന്ധിതമായി രൂപീകരിച്ച് ഭരണ സമിതിയും, നിർവ്വഹണോദ്യോഗസ്ഥന്മാരും, ജീവനക്കാരും ഒത്തൊരുമിച്ച് പ്രവൃത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്.

## 3-2 ഗ്രാമ സേവാ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ- വാങ്ങിയ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഉപയോഗിക്കുന്നില്ല- 6.34 ലക്ഷം രൂപയുടെ പാഴ്ച്ചെലവ്.

പ്രൊ.നം 392/17-18

ചെലവ് : 6,33,900 (KLGSDP) (ട്രഷറി ബിൽ.നം.0434591/27-09-2017 ₹5,53,805/- & 0434592/27-09-2017 ₹80,095/-
(Invoice No.2650/24-6-2017 കമ്പ്യൂട്ടർ കെയർ കണ്ണൂർ)

ഗ്രാമ പഞ്ചായത്തിലെ ഗ്രാമ സേവാകേന്ദ്രങ്ങൾ മുഖേന പൊതുജനങ്ങൾക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ഗ്രാമഞ്ചായത്തിലെ 6 വാർഡുകളിലെ ഗ്രാമ സേവാകേന്ദ്രങ്ങളിൽ ഒന്നു വീതം കമ്പ്യൂട്ടർ, യു.പി.എസ്, പ്രിന്റർ, കമ്പ്യൂട്ടർ ടേബിൾ എന്നിവ നല്കിയിട്ടുണ്ട്. ഗ്രാമ സേവാ കേന്ദ്രങ്ങളിലേയ്ക്ക് നല്കുന്നതിനായി വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശവും നല്കിയ കേന്ദ്രങ്ങളുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു

| ഇനം | നിരക്ക് | എണ്ണം | ആകെ തുക (രൂപ) | സ്ഥാപിച്ച ഗ്രാമ സേവ കേന്ദ്രങ്ങളുടെ പേര് |
|---|---|---|---|---|
| പേഴ്സണൽ കമ്പ്യൂട്ടർ - ഏസർ | 39047.62 | 6 | 2,34,285.72 | ബാനം |
| പ്രിന്റർ-ബ്രദർ | 6904.76 | 6 | 41,428.56 | കാലിച്ചാനടുക്കം |
| യു.പി.എസ്. ഹൈക്കൺ -1KV | 47947.60 | 6 | 2,87,685.60 | എണ്ണപ്പാറ (അയ്യങ്കാവ്) |
| കമ്പ്യൂട്ടർ ടേബിൾ | 2183.41 | 6 | 13,100.46 | ചുള്ളിക്കര |
| നികുതികൾ | | | 57,399.66 | എരുമക്കളം |
| ആകെ ചെലവ് | | | 6,33,900 | പള്ളിപ്പാറ |

പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും, ഗൗരവതരമായ പോരായ്മകൾ സംഭവിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി പ്രകാരം സ്ഥാപിച്ച കമ്പ്യൂട്ടറുകൾ മിക്ക കേന്ദ്രങ്ങളിലും ഉപയോഗിക്കുന്നില്ല. ഗ്രാമ പഞ്ചായത്തിലെ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഒരു എക്സ്റ്റൻഷൻ കേന്ദ്രമായി

പ്രവർത്തിക്കുക എന്ന ലക്ഷ്യം കൈവരിക്കുവാൻ മേൽ പരാമർശിച്ച ഗ്രാമ സേവ കേന്ദ്രങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ചുള്ളിക്കര ഗ്രാമ സേവാകേന്ദ്രത്തിൽ ബന്ധപ്പെട്ട വാർഡ് ജനപ്രതിനിധി സ്വന്തം ചെലവിൽ ഒരു ഓപ്പറേറ്ററെ നിയമിച്ചിട്ടുണ്ട്. മറ്റിടങ്ങളിൽ ഇവസ്ഥാപിച്ച് ഒരു വർഷമായിട്ടും കാര്യമായ യാതൊരു പ്രവർത്തനവും ആരംഭിച്ചിട്ടില്ല. ഗ്രാമ സേവാ കേന്ദ്രങ്ങളുടെ പ്രവർത്തനം സംബന്ധിച്ച സർക്കാർ മാർഗ്ഗരേഖ പാലിച്ച് കാര്യമായ യാതൊരു പ്രവർത്തനവും മേൽ പരാമർശിച്ച ഗ്രാമ സേവാ കേന്ദ്രങ്ങൾ മുഖേന നടത്തിക്കാണുന്നില്ല.

2) വാർഡ് 17 ൽ അയ്യങ്കാവ് കമ്മ്യൂണിറ്റി ഹാളിലാണ് പ്രസ്തുത ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. ഇവിടെ വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തീകിച്ചിട്ടുണ്ടെങ്കിലും നിലവിൽ വൈദ്യുതി കണക്ഷൻ ഇല്ല. അതുപോലെ മൂന്നാം വാർഡിലെ ഗ്രാമ സേവ കേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിടം സർക്കാർ ഐ.റ്റി.ഐ യ്ക്ക് തല്ക്കാലികമായി കൈമാറിയതിനാൽ ഗ്രാമ സേവാ കേന്ദ്രത്തിലുണ്ടായിരുന്ന ഫർണിച്ചറുകളും കമ്പ്യൂട്ടർ,യൂ.പി.എസ്. തുടങ്ങിയ ഉപകരണങ്ങളും ഒരു കടമുറിയിൽ കൂട്ടിയിട്ടിരിക്കുന്നതായി കാണുവാൻ സാധിച്ചു. അതുപോലെ ബാനം, കാലിച്ചാനടുക്കം എന്നീ ഗ്രാമ സേവ കേന്ദ്രങ്ങളിൽ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പൊതു ജന സേവന കേന്ദ്രമെന്ന നിലയിൽ പ്രവർത്തിക്കുന്നില്ല.

3) പദ്ധതി ആവിഷ്കരിക്കുമ്പോൾ ഒരു ജനസേവന കേന്ദ്രമെന്ന നിലയിൽ പ്രസ്തുത കേന്ദ്രങ്ങൾ എത്രമാത്രം വിജയിക്കും, അവയുടെ നടത്തിപ്പ്, ഉപകരണങ്ങളുടെ ആവശ്യകത, ഉപകരണങ്ങളുടെ സൂക്ഷിപ്പ് തുടങ്ങിയ കാര്യങ്ങളിൽ യാതൊരു പഠനവും നടത്തിക്കാണുന്നില്ല. സാധരണ രീതിയിൽ ഒരു കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കുന്നതിന് 600w യൂ.പി.എസ് മതിയാകുന്നതാണ് ഇതിന്. പരാമാവധി മാർക്കറ്റ് വില 3000 രൂപയിൽ താഴെയാണ്. ഈ വസ്തുത നിലനിൽക്കെയാണ് 55,000 രൂപയോളം വിലവരുന്ന ഒരു കിലോ വാട്ട് ശേഷിയുള്ള യൂ.പി.എസുകൾ ഒരു ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറിനായി ഗ്രാമ കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുള്ളത്. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് മുമ്പ് ഗ്രാമ പഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ്, ഐ.കെ.എം. വിദഗ്ദർ തുടങ്ങിയവരിൽ നിന്നും ആവശ്യകത സംബന്ധിച്ച റിപ്പോർട്ട് തേടിയിട്ടില്ല. യൂ.പി.എസിനോടൊപ്പമുള്ള ട്യൂബുലർ ബാറ്ററികൾ ശരിയായ പരിചരണവും, ശ്രദ്ധയും നല്കിയില്ലയെങ്കിൽ വളരെ വേഗം കേടാകുവാൻ സാധ്യതയുണ്ട്.

4) ഉപകരണങ്ങൾ കൈമാറിയ ഗ്രാമ കേന്ദ്രങ്ങളുടെ ചുമതലയുള്ള ജനപ്രതിനിധികളുമായി അവയുടെ ഉപയോഗം, സംരക്ഷണം എന്നിവ സംബന്ധിച്ച് കരാർ ഉടമ്പടി വെച്ചിട്ടില്ല.

6) ഗ്രാമ കേന്ദ്രങ്ങൾക്ക് മേൽപ്രകാരം ഉപകരണങ്ങൾ വാങ്ങി നല്കിയതല്ലാതെ ഇവയുടെ പ്രവർത്തനം നിരീക്ഷിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുവാൻ ഉള്ള നടപടികൾ പിന്നീട് ചുമതയിൽ വന്ന സെക്രട്ടറിമാർ സ്വീകരിച്ചിട്ടില്ല. അതു പോലെ ഭരണസമിതിയും ഇക്കാര്യത്തിൽ വേണ്ട ശ്രദ്ധ പുലർത്തിക്കാണുന്നില്ല.

മേൽ പരാമർശങ്ങൾ പരിശോധിച്ച് ഗ്രാമ കേന്ദ്രങ്ങൾക്ക് നൽകിയ ഉപകരണങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനായി ചുവടെ ചേർത്ത അടിയന്തിര നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

1) ഗ്രാമ സഭ അംഗങ്ങളുടെ ഒത്തു ചേരലിനും കാര്യക്ഷമമായ തുടർപ്രവർത്തനങ്ങൾക്കും സേവനങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള ആസ്ഥനമായിരിക്കണം ഗ്രാമസഭാ കേന്ദ്രം. വാർഡിൽ നടക്കുന്ന ഭരണ–വികസന-ക്ഷേമ-സേവന-സാംസ്കാരിക-സാമൂഹ്യ പ്രവർത്തനങ്ങൾ കൂട്ടായി ചർച്ചചെയ്യുന്നതിനും വിലയിരുത്തുന്നതിനും, ക്രോഡീകരിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും അവ നടപ്പിലാക്കുന്നതിൽ വാർഡ് വികസന സമിതിയെ സഹായിക്കുന്നതിനും വേണ്ടിയുള്ള ഭരണ

സേവന കേന്ദ്രമായിരിക്കണം ഗ്രാമ സേവാ കേന്ദ്രം. തദ്ദേശ സ്വയംഭരണസ്ഥാപനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവധ സമിതികളുടെ വാർഡു തല ആസ്ഥാനമായും ഗ്രാമസേവാ കേന്ദ്രം പ്രവർത്തിക്കണം. നിലവിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്തിട്ടുള്ള ഗ്രാമ സേവാ കേന്ദ്രങ്ങൾ ജി.ഒ.(എം.എസ്)/112/2014 25-08-2014 (ഗ്രാമ സേവാ കേന്ദ്രങ്ങളുടെ പ്രവർത്തന മാർഗ്ഗ രേഖ) പ്രകാരമുള്ള മാർഗ്ഗ രേഖ പാലിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോയെന്ന് അടിയന്തിരമായി വിലയിരുത്തേണ്ടതാണ്. ഇത്തരത്തിൽ യാതൊരു പ്രവർത്തനങ്ങളും ഗ്രാമ സേവാ കേന്ദ്രം മുഖേന നടത്താത്ത വാർഡുകൾക്ക് (ഉദാ.എരുമക്കുളം, അയ്യങ്കാവ്) നൽകിയ ഉപകരണങ്ങൾ അടിയന്തിരമായി തിരികെയെടുത്ത് ഫലപ്രദമായി ഗ്രാമ സേവാ കേന്ദ്രങ്ങൾ നടത്തുവാൻ സാധിക്കുന്ന വാർഡുകൾക്ക് കൈമാറേണ്ടതാണ്.

2) ഗ്രാമ സേവാ കേന്ദ്രങ്ങൾക്ക് കൈമാറിയ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളുടേയും പ്രവർത്തനം, സംരക്ഷണം എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട വാർഡ് മെമ്പർമാരുമായി കരാർ ഒപ്പിടേണ്ടതാണ്. ഇവയുടെ അറ്റകുറ്റപ്പണി,സംരക്ഷണം എന്നിവയ്ക്കുണ്ടാകുന്ന ചെലവ് ഗ്രാമ സേവാകേന്ദ്രങ്ങളുടെ ചെലവ് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ പരാമർശിച്ച നിരക്കിലും അധികരിച്ചാൽ ആയത് ഗ്രാമസേവാ കേന്ദ്രങ്ങളുടെ നടത്തിപ്പിന് ചുമതലപ്പെട്ടവർ വഹിക്കേണ്ടതാണെന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്.കൂടാതെ ഉപകരണങ്ങൾ ദീർഘ കാലമായി ഉപയോഗിക്കാത്തതുമൂലം ഉണ്ടാകുന്ന കേടുപാടുകളുടെ ഉത്തരവാദിത്വവും ബന്ധപ്പെട്ട വാർഡ് ജനപ്രതിനിധിക്കായിരിക്കും എന്ന വ്യവസ്ഥയും കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്.

3) നിലവിൽ കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും അനുവദിക്കപ്പെട്ട ഗ്രാമ സേവാകേന്ദ്രങ്ങളുടെ പ്രവർത്തനം പരിശോധിച്ച്, ആവശ്യമെങ്കിൽ പുനക്രമീകരണങ്ങൾ നടത്തി, കൃത്യമായ വിലയിരുത്തൽ നടത്തേണ്ടതാണ്. നിലവിൽ അനുവദിക്കപ്പെട്ടവ കൃത്യമായി പ്രവർത്തിക്കാത്ത സാഹചര്യത്തിൽ പുതുതായി ഗ്രാമസേവാകേന്ദ്രങ്ങൾക്ക് ഇത്തരത്തിൽ കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും അനുവദിക്കുന്ന പദ്ധതികൾ ഏറ്റെടുക്കേണ്ടതില്ല .

4) കൃത്യമായ ആവശ്യകത നിർണ്ണയിക്കാതെ കൂടിയ സ്പെസിഫിക്കേഷൻ ഉള്ള യു.പി.എസ് വാങ്ങിയതുവഴി ഗ്രാമ പഞ്ചായത്തിന് അധികച്ചെലവുണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ പദ്ധതി നടപ്പിലാക്കിയ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നുമുള്ള വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കോണ്ടതാണ്.

5) ഗ്രാമ സേവാ കേന്ദ്രങ്ങൾ ജനസേവന കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള മേൽ പദ്ധതിയുടെ മേൽ നോട്ടം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി തലത്തിൽ നിരീക്ഷിക്കേണ്ടതും, പദ്ധതി ഉദ്ദേശിച്ച രീതിയിൽ നടപ്പിലാകുന്നില്ലയെങ്കിൽ, നല്കിയ ഉപകരണങ്ങൾ (കമ്പ്യൂട്ടർ, യു.പി.എസ്,പ്രിന്റർ) നശിച്ച് പോകാതിരിക്കുന്നതിനായി സർക്കാർ അനുമതി വാങ്ങി ഇവ ഗ്രാമ പഞ്ചായത്തിലെ ഘടക സ്ഥാപനങ്ങൾക്കോ, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കോ കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റിയുടേയും ഭരണ സമിതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. പൊതു പണത്തിന്റെ വിനിയോഗം പ്രായോഗിക തലത്തിൽ പൊതുജന ത്തിന് പ്രയോജനപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കുവാൻ ഭരണ സമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിച്ച് മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ആയതുവരെ പദ്ധതിയ്ക്കായി നടത്തിയ 6,33,900 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 മരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിൽ കാലതാമസം

2017-18 ൽ ചെലവു നടത്തിയ ചില മരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിൽ വലിയ കാലതാമസം വന്നിട്ടുള്ളതായി പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പ്രവൃത്തിയുടെ പേര് | കരാർ നം, തിയതി, കരാർ പ്രകാരമുള്ള പൂർത്തീകരണ കാലയളവ് | സൈറ്റ് കൈമാറിയ തിയതി | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പ്രവൃത്തി പൂർത്തീകരിച്ച തിയതി | കാല താമസം |
|---|---|---|---|---|---|---|
| 1 | പ്രോജക്ട് നം 143/17-18 എരുമക്കുളം വിജയപുരം റോഡ് ടാറിംഗ്<br>ചെലവ്- ബിൽ നം 54, തിയതി 23.01.2018, 11,80,000 രൂപ<br>17,256 രൂപ- തനതു ഫണ്ട്<br>കരാറുകാരൻ- മാത്യു പി ആന്റണി | നം. ഇല്ല, dated 24.03.2017<br>പൂർത്തീകരണ കാലയളവ്- 24.06.2017<br>(സൈറ്റ് കൈമാറ്റ രേഖ, ബിൽ പകർപ്പ് എന്നിവ പ്രകാരം) | 24.03.2017 | 24.06.2017 | 27.12.2017<br>എം ബുക്ക് നം 436/17-18 | 6മാസങ്ങൾ, 3 ദിവസങ്ങൾ |
| 2 | പ്രോജക്ട് നം 150/17-18 കാലിച്ചാനടുക്കം മുക്കുട് റോഡ് റീ ടാറിംഗ്<br>ചെലവ്- ബിൽ നം 52, തിയതി 23.01.2018, 9,00,000 രൂപ<br>95,683 രൂപ- തനതു ഫണ്ട്<br>കരാറുകാരൻ- വി.വി മനോജൻ | നം ഇല്ല, dated 20.04.2017<br>6 മാസങ്ങൾ<br>(ടി.എസ് രേഖകൾ പ്രകാരം),<br>90 ദിവസങ്ങൾ (AOC സമ്മറി പ്രകാരം) | 20.04.2017 | 20.10.2017 | 04.12.2017 | 1 മാസം, 13 ദിവസങ്ങൾ |

കേരള പൊതു മരാമത്ത് വകുപ്പ് മാന്വൽ, പ്രവൃത്തികളുടെ കരാറുകാരുമായി ചമച്ചിട്ടുള്ള കരാർ ഉടമ്പടികളിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കാത്ത പക്ഷം അതിൽ കൂടുതൽ വരുന്ന ഓരോ മൂന്നു മാസത്തേക്ക് കരാർ തുകയുടെ ഒരു ശതമാനവും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്നു മാസത്തിനും കരാർ തുകയുടെ രണ്ടു ശതമാനം വീതവും പിഴ ചുമത്തിക്കൊണ്ട് മാത്രമേ കരാർ കാലാവധി നീട്ടിക്കൊടുക്കാവൂ. ഇപ്രകാരം

കാലാവധി നീട്ടുന്നതിന് സപ്ലിമെന്ററി കരാർ ചമക്കേണ്ടതുമുണ്ട്. എന്നാൽ മേൽ പ്രവൃത്തികളിൽ പൂർത്തീകരണ കാലാവധി നീട്ടിക്കൊടുക്കുകയോ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. കരാർ ചമച്ചതിനു ശേഷം കരാറുകാരൻ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനായി യാതൊരു നടപടികളും പഞ്ചായത്തോ നിർവഹണ ഉദ്യോഗസ്ഥനോ സ്വീകരിച്ചിട്ടില്ല. കരാറുകാർ അവർക്കു തോന്നിയ സമയം എടുത്താണ് പ്രവൃത്തികൾ ചെയ്തിട്ടുള്ളത്. ഇത് ശരിയായ നടപടിയല്ല. നിർവഹണ സമയം ഓരോ പ്രോജക്ടിന്റെയും കാതലായ ഭാഗമാണ്. പ്രവൃത്തി നിർവഹണം കരാർ പ്രകാരം നടക്കുന്നുവെന്ന് കാലാകാലങ്ങളിൽ നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടിയിരുന്നു. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല. ആയതിനാൽ മേൽ പ്രവൃത്തികളുടെ ബിൽ തുകകൾ നൽകുമ്പോൾ കരാർ പ്രകാരമുള്ള പൂർത്തീകരണ കാലയളവിനേക്കാൾ അധികം സമയം വിനിയോഗിച്ചതിന് കരാർ പ്രകാരമുള്ള പിഴ കണക്കാക്കി കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. ഈടാക്കേണ്ടിയിരുന്ന പിഴ ചുവടെ കണക്കാക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിശദാംശം | കാലതാമസം | ഈടാക്കേണ്ടിയിരുന്ന പിഴ (രൂപ) | |
|---|---|---|---|---|
| 1 | പ്രോജക്ട് നം 143/17-18 എരുമക്കുളം വിജയപുരം റോഡ് ടാറിംഗ്<br>കരാർ തുക- 11,98,115<br>കരാറുകാരൻ- മാത്യു പി ആന്റണി | 6മാസങ്ങൾ, 3 ദിവസങ്ങൾ | ആദ്യത്തെ മൂന്നു മാസങ്ങൾ- കരാർ തുകയുടെ 1%, കുറഞ്ഞത് 1,000 | 11,981 |
| | | | 4,5,6 മാസങ്ങൾ- കരാർ തുകയുടെ 2%, കുറഞ്ഞത് 2,000 | 23,962 |
| | | | 3 ദിവസങ്ങൾ- കരാർ തുകയുടെ 2%, കുറഞ്ഞത് 2,000 | 23,962 |
| | | ആകെ | | 59,905 |
| 2 | പ്രോജക്ട് നം 150/17-18 കാലിച്ചാനടുക്കം മുക്കുട് റോഡ് റീ ടാറിംഗ്<br>കരാർ തുക- 9,95,936<br>കരാറുകാരൻ- വി.വി മനോജൻ | 1 മാസം, 13 ദിവസങ്ങൾ | ആദ്യത്തെ മൂന്നു മാസങ്ങൾ- കരാർ തുകയുടെ 1%, കുറഞ്ഞത് 1,000 | 9,959 |
| | | ആകെ | | 9,959 |

ഓഡിറ്റ് എൻക്വയറി നം 8, തിയതി 15.11.2018 പ്രകാരം മേൽ അപാകതകൾക്ക് വിശദീകരണങ്ങൾ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ഫൈൻ ഈടാക്കാത്തതു മൂലം പഞ്ചായത്തിനുണ്ടായ നഷ്ടം പ്രവൃത്തികളുടെ അന്തിമ ബില്ലുകൾ തീർപ്പാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർമാരിൽ നിന്നും ഈടാക്കി നികത്തേണ്ടതാണ്. മേലിൽ നിർവഹിക്കുന്ന മരാമത്ത് പ്രവൃത്തികൾ കരാർ പ്രകാരമുള്ള കാലയളവിനുള്ളിൽ പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും അല്ലാത്ത പക്ഷം കരാർ വ്യവസ്ഥകൾ, പൊതുമരാമത്ത് മാന്വൽ, പൊതുമരാമത്ത് പണികളുടെ

നടത്തിപ്പ് ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള നടപടികൾ യഥാകാലം കൈക്കൊള്ളുന്നുവെന്ന് ഉറപ്പാക്കുന്നതിനും ആവശ്യമായ ആഭ്യന്തര നിയന്ത്രണ സംവിധാനം രൂപപ്പെടുത്തി നടപ്പാക്കേണ്ടതാണ്.

## 3-4 മരാമത്ത് പ്രവൃത്തി- കരാർ ചമക്കുന്നതിൽ കാലതാമസം

കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 ക്ലോസ് അനുസരിച്ച് സെലക്ഷൻ നോട്ടീസിന്റെ തിയതി മുതൽ 14 ദിവസങ്ങൾക്കുള്ളിൽ പ്രവൃത്തി ലഭിച്ച കരാറുകരാൻ കരാർ ഉടമ്പടി ചമച്ചിരിക്കേണ്ടതാണ്. തുടർന്നുള്ള 10 ദിവസങ്ങളിൽ കരാർ തുകയുടെ 1% പിഴ ഈടാക്കിക്കൊണ്ട് കരാർ ചമക്കാൻ അനുവദിക്കാവുന്നതാണ്. എന്നാൽ ഈ 10 ദിവസങ്ങളിലും കരാറുകാരൻ കരാർ ഉടമ്പടി ചമക്കുന്നില്ലെങ്കിൽ ഈ ബിഡ് തള്ളി പ്രവൃത്തി നിർവഹണത്തിന് ടെണ്ടറിംഗ് അധികാരിക്ക് തുടർന്നുള്ള ചെറിയ തുക ക്വാട്ട് ചെയ്ത ബിഡ്ഡറുമായി നെഗോസിയേഷൻ നടത്താവുന്നതോ റീ ടെണ്ടർ ചെയ്യാവുന്നതോ ആണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തിയിൽ സെലക്ഷൻ നോട്ടീസ് ലഭിച്ച് നിശ്ചിത സമയത്തിനുള്ളിൽ കരാർ വയ്ക്കാത്തതായും ബിഡ് തള്ളുന്നതുൾപ്പെടെയുള്ള ശിക്ഷാ നടപടികൾ എടുക്കാതെ വൈകി കരാർ ചമച്ചതായും വൈകി കരാർ വച്ചതിന് മാന്വലിൽ അനുശാസിക്കുന്ന പിഴ ഈടാക്കാത്തതായും കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്, കരാർ തുക, കരാറുകാരൻ | സെലക്ഷൻ നോട്ടീസിന്റെ തിയതി | പിഴ കൂടാതെ കരാർ ചമക്കാമായിരുന്ന തിയതി | 1% പിഴയോടു കൂടി കരാർ ചമക്കാമായിരുന്ന തിയതി | കരാർ ചമച്ച തിയതി | പിഴ ഈടാക്കാത്തതിനാലുള്ള നഷ്ടം(രൂപ) |
|---|---|---|---|---|---|---|
| 1 | പ്രോജക്ട് നം 135- അട്ടേങ്ങാനം നായ്ക്കയം റോഡ് റീടാറിംഗ്<br>കരാർ തുക- 2,99,795<br>കരാറുകാരൻ- ശ്രീ.അബ്ദുൾ സത്താർ.ഇ.എം | 27.05.2016 | 10.06.2016 | 24.06.2016 | 02.07.2016<br>കരാർ ഉടമ്പടിക്ക് കരാർ നമ്പർ ചേർത്തിട്ടില്ല. | 2,998 |
| 2 | പ്രോജക്ട് നം 131- ഒടയംചാൽ ആയുർവേദ ഡിസ്പെൻസ്റി മെയിന്റനൻസ്<br>കരാർ തുക- 89,537<br>കരാറുകാരൻ- ശ്രീ.ടി.മുഹമ്മദ് ഇഖ്ബാൽ | സെലക്ഷൻ നോട്ടീസിന്റെ പകർപ്പ് ഫയലിൽ ഇല്ല.<br>ടെണ്ടർ നടന്നത് 16.12.2015 നാണ്. | 30.12.2015<br>(16.12.2015 മുതൽ 14 ദിവസങ്ങൾ) | 09.01.2016 | 11.03.2016<br>കരാർ ഉടമ്പടിക്ക് കരാർ നമ്പർ ചേർത്തിട്ടില്ല. | 895 |

| | | | | | | |
|---|---|---|---|---|---|---|
| 3 | പ്രോജക്ട് നം 164- പെരിയ കരക്കോട് റോഡ് ടാറിംഗ്<br>കരാർ തുക- 2,98,028<br>കരാറുകാരൻ- ശ്രീ.റോയ് ജോസ് | 05.01.2017 | 19.01.2017 | 29.01.2017 | 21.02.2017 കരാർ ഉടമ്പടിക്ക് കരാർ നമ്പർ ചേർത്തിട്ടില്ല. | 2,980 |

മേൽ അപാകതകൾക്കുള്ള വിശദീകരണങ്ങൾ നൽകാൻ ഓഡിറ്റ് എൻക്വയറി നം 9, തിയതി 15.11.2018 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ആയതിന് മറുപടി നൽകിയിട്ടില്ല. ആയതിനാൽ ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള നഷ്ടങ്ങൾ അതാത് പ്രവൃത്തികളിൽ കരാർ ചമച്ചിട്ടുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്. കൂടാതെ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ മേൽ വിഷയത്തിൽ പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ ഭാവിയിൽ കർശനമായും പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-5 ഓവർഹെഡ് ചാർജസ് അനുവദിച്ച പ്രവൃത്തികളുടെ നികുതി വിഹിതം പഞ്ചായത്ത് വഹിച്ചു

ഗുണഭോക്തൃ സമിതികൾ നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ, 7.5% ഓവർഹെഡ് ചാർജ് അനുവദിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ പേമെന്റ് നടത്തുമ്പോൾ നികുതികൾ പഞ്ചായത്ത് വഹിച്ചതായികാണുന്നു. ജി.ഒ(പി)നം.30/2016/ഫിൻ, തിയതി 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ 7.5.% ഓവ്വഹെഡ് ചാർജസ് അനുവദിക്കുന്ന പക്ഷം പ്രവൃത്തിയുടെ നികുതികൾ കൺവീനർമാർ തന്നെ വഹിക്കണമെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയിൽ ആദായ നികുതിയും മൂല്യ വർദ്ധിത നികുതിയും പഞ്ചായത്ത് വഹിച്ചതായി കാണുന്നു. ഇതു മൂലം പഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടുണ്ട്.

വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിശദാംശങ്ങൾ | മൊത്തം പ്രോജക്ട് ചെലവ് (രൂപ) | നികുതികൾ കൺവീനർമാരിൽ നിന്നും ഈടാക്കിയിരുന്നെങ്കിൽ വരുമായിരുന്ന പ്രോജക്ട് ചെലവ് (രൂപ) | അധികം |
|---|---|---|---|---|
| 1 | പ്രവൃത്തിയുടെ പേര്- ഉദയപുരം ത്തുങ്ങൽ റോഡ് കൾവർട്ട് & അപ്രോച്ച് റോഡ് (പ്രോജക്ട് നം 251/18)<br>കൺവീനർ- - | ആകെ പ്രവൃത്തി മൂല്യം- 4,74,025<br>(+) നികുതികൾ- 28,441<br>ആകെ- 5,02,466 | 4,74,025<br>(ആകെ പ്രവൃത്തി മൂല്യം) | 20,975 |

| | | | | |
|---|---|---|---|---|
| | ശ്രീ.ടി.കെ.ഷൈജു<br>കരാർ നം ഇല്ല, തിയതി 22.02.2017<br>എസ്റ്റിമേറ്റ്- 4,95,000 രൂപ (DSR 2014, MORD, പ്രൈസ്)<br>പേമെന്റ്-4,95,000 (ബിൽ നം 24, തിയതി 17.08.2017)<br>എം. ബുക്ക് നം 5/17 | ഭരണാനുമതിയിലേക്ക് പരിമിതപ്പെടുത്തിയത്- 4,95,000<br>ആകെ പ്രോജക്ട് ചെലവ്- 4,95,000 | | |
| 2 | പ്രവൃത്തിയുടെ പേര്- ചോയിച്ചിയാർ മല റോഡ് തുങ്ങൽ ഫുട്പാത്ത് മെച്ചപ്പെടുത്തൽ (പ്രോജക്ട് നം 234/18)<br>കൺവീനർ- - ശ്രീ.ലോറൻസ് ജോസഫ്<br>കരാർ നം ഇല്ല, തിയതി 28.02.2017<br>എസ്റ്റിമേറ്റ്- 4,50,000 രൂപ (DSR 2014, MORD, പ്രൈസ്)<br>പേമെന്റ്-1,00,000 (അഡ്വാൻസ്)<br>2,99,493 (ബിൽ നം 25, തിയതി 17.08.2017)<br>എം. ബുക്ക് നം 32/16-17 | ആകെ പ്രവൃത്തി മൂല്യം- 3,76,880<br>(+) നികുതികൾ- 22,613<br>ആകെ- 3,99,493<br>ആകെ പ്രോജക്ട് ചെലവ്- 3,99,493 | 3,76,880<br>(ആകെ പ്രവൃത്തി മൂല്യം) | 22,613 |

| | | | | |
|---|---|---|---|---|
| 3 | പ്രവൃത്തിയുടെ പേര്- പഞ്ചായത്ത് ഓഫീസ് മുറ്റം ഷീറ്റ് റൂഫിംഗ് (പ്രോജക്ട് നം 247/18)<br>കൺവീനർ- -ശ്രീ.പി.ടി.ജോസഫ്<br>കരാർ നം ഇല്ല, തിയതി 15.03.2017<br>എസ്റ്റിമേറ്റ്- 4,95,000 രൂപ (DSR 2014, പ്രൈസ്)<br>പേമെന്റ്-<br>4,94,014 (ബിൽ നം 26, തിയതി 17.08.2017)<br>എം. ബുക്ക് നം 13/16-17 | ആകെ പ്രവൃത്തി മൂല്യം- 4,66,051<br>(+) നികുതികൾ- 27,963<br>ആകെ- 4,94,014<br>ആകെ പ്രോജക്ട് ചെലവ്- 4,94,014 | 4,66,051<br>(ആകെ പ്രവൃത്തി മൂല്യം) | 27,963 |
| | | | ആകെ | 71,551 |

മേൽ അപാകതകൾക്ക് വിശദീകരണങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 10 ന് (തിയതി 15.11.2018) മറുപടി നൽകിയിട്ടില്ല. ആയതിനാൽ പഞ്ചായത്തിനുണ്ടായ നഷ്ടം പ്രവൃത്തികളുടെ അന്തിമ ബില്ലുകൾ തീർപ്പാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർമാരിൽ നിന്നും ഈടാക്കി നികത്തേണ്ടതാണ്. കൂടാതെ ഈ അപാകത ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-6 പട്ടിക വ്യഗ ഉപ പദ്ധതി (അഡീഷണൽ) പ്രകാരമുള്ള പ്രോജക്ടുകളുടെ നടത്തിപ്പിലെ അപാകതകൾ

പട്ടിക വ്യഗ ഉപ പദ്ധതി (അഡീഷണൽ) പ്രകാരം പരപ്പ ബ്ലോക്ക് പഞ്ചായത്തിലെ പട്ടികവർഗ വിഭാഗത്തിന്റെ സമഗ്ര വികസനത്തിന് വേണ്ടി സർക്കാരിൽ നിന്നും പട്ടികവർഗ വകുപ്പ് മുഖേന ചെലവഴിക്കുന്നതിനായി 7.13 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. പദ്ധതിയിൽ, കോടോം ബേളൂർ പഞ്ചായത്തിന്റെ വിവിധ പദ്ധതികളും ഉൾപ്പെട്ടിരുന്നു. ആയതിൽ 2 പ്രവൃത്തികൾക്ക് 2017-18 വർഷം 3,23,835രൂപ പേമെന്റ് നടത്തിയിട്ടുണ്ട്. ഈ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രവൃത്തിയുടെ പേര്- ബാനം കാടമൂല എസ്.ടി കോളനി കുടിവെള്ള പദ്ധതി

അടങ്കൽ- 4 ലക്ഷം രൂപ

എസ്റ്റിമേറ്റ്- 4 ലക്ഷം (DSR 2014)

പേമെന്റ്- ചെക്ക് നം 671020802 തിയതി 21.04.2017, തുക 3,23,835

1. പ്രവൃത്തി നടത്തിപ്പിൽ വലിയ കാലതാമസം- പട്ടിക വ്യഗ ഉപ പദ്ധതി (അഡീഷണൽ) ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ 2015 മാർച്ച് 31 നകം പൂർത്തീകരിക്കണമെന്നായിരുന്നു സർക്കാർ മാർഗ നിർദേശം. എന്നാൽ ഈ പദ്ധതിക്കായി കരാറിൽ ഏർപ്പെട്ടതു തന്നെ 2015 ഡിസമ്പർ 4 നു മാത്രമായിരുന്നു. എന്നാൽ 01.03.2016 നു മാത്രമേ കൺവീനർ പ്രവൃത്തി ആരംഭിച്ചു കാണുന്നുള്ളൂ. തുടർന്ന് 31.03.2016 നു മാത്രമാണ് പദ്ധതി പൂർത്തിയാക്കിയത്. എന്നാൽ കൺവീനർക്ക് പേമെന്റ് നൽകിയത് 21.04.2017 നു മാത്രമാണ്. ഈ പ്രവൃത്തിയുടെ മൂല്യ വർദ്ധിത നികുതി അടച്ചത് 30.06.2017 നാണ്. ആദായ നികുതിയും ക്ഷേമനിധി വിഹിതവും അടച്ചത് 06.07.2017 നു മാത്രമാണ്. ഇത്തരത്തിൽ പ്രവൃത്തിയുടെ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ വലിയ കാലതാമസം നേരിട്ടിട്ടുള്ളതായി കാണുന്നു.

2. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 2014 ലെ ഡി.എസ്.ആർ നിരക്കുകൾ അടിസ്ഥാനമാക്കിയും 1.3048 എന്ന കോസ്റ്റ് ഇൻഡക്സ് ബാധകമാക്കിയുമാണ്. എസ്റ്റിമേറ്റ് മാന്വൽ ആയാണ് തയ്യാറാക്കിയത്. എസ്റ്റിമേറ്റിന്റെ വിശദ പരിശോധനയിൽ, ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കിയ ചില ഇനങ്ങളിൽ മാർക്കറ്റ് നിരക്കിന് കോസ്റ്റ് ഇൻഡക്സ് അനുവദിച്ചതായി കാണുന്നു. ഒബ്സേർവ്ഡ് ഡാറ്റകൾ തയ്യാറാക്കുന്ന സംഗതികളിൽ DSR ൽ ഇല്ലാത്ത ഇനങ്ങൾക്ക് മാർക്കറ്റ് നിരക്ക് അനുവദിക്കാവുന്നതാണെന്നും ഇപ്രകാരം മാർക്കറ്റ് നിരക്കുകൾ അനുവദിക്കുകയാണെങ്കിൽ ഈ നിരക്കിനും വാട്ടർ ചാർജിനും CPOH നും കോസ്റ്റ് ഇൻഡക്സ് അനുവദിക്കാവുന്നതല്ല എന്നും 07.05.2014 ലെ GO(MS)no.74/2014/LSGD ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഗുണഭോക്തൃ സമിതി നടത്തിയ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ചില ഇനങ്ങൾക്കായി തയ്യാറാക്കിയ ഒബ്സേർവ്ഡ് ഡാറ്റകളിൽ മാർക്കറ്റ് നിരക്കുകൾക്ക് കോസ്റ്റ് ഇൻഡക്സ് അനുവദിച്ചത് അനുവദിക്കാനാവില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി ഇനം | അനുവദിച്ച നിരക്കിന്റെ ഡാറ്റ | | | | | | അനുവദനീയമായ നിരക്ക് | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | Appendix A, item 2<br>Supplying and fixing 63mm dia 10 kgf /cm2 PVC pipes<br>200 m @ Rs.214/m = 42,800 | code | Description | unit | quantity | Rate | amount | code | Description | unit | quantity | Rate | amount |
| | | Details for 10 m | | | | | | Details for 10 m | | | | | |
| | | MR | 63mm dia pvc pipe | M | 10.5 | 118 | 1239 | MR | 63mm dia pvc pipe | M | 10.5 | 118 | 1239 |
| | | | 5% for wastage | | | | 61.95 | | 5% for wastage | | | | 00.00 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 0116 | Fitter | Day | 0.25 | 435 | 108.75 | 0116 | Fitter | Day | 0.25 | 435 | 108.75 |
| | | 0114 | Beldar | Day | 0.66 | 329 | 217.14 | 0114 | Beldar | Day | 0.66 | 329 | 217.14 |
| | | Total | | | | | 1626.84 | Total | | | | | 1564.89 |
| | | 1% water charge | | | | | 16.26 | 1% water charge | | | | | 15.64 |
| | | Total | | | | | 1643.10 | Total | | | | | 1580.53 |
| | | Cost index 30.48% | | | | | 500.81 | Cost index 30.48% on Rs.325.89 | | | | | 99.33 |
| | | Total | | | | | 2143.91 | Total | | | | | 1679.86 |
| | | Hence for one meter | | | | | 214 | Hence for one meter | | | | | 168 |
| 2 | Appendix A, item 3<br>Supplying and fixing 50mm dia 10 kgf /cm2 PVC pipes<br>100 m @ Rs.180/m = 42,800 | code | Description | unit | quantity | Rate | amount | code | Description | unit | quantity | Rate | Amount |
| | | Details for 10 m | | | | | | Details for 10 m | | | | | |
| | | MR | 50mm dia pvc pipe | M | 11.5 | 90 | 1035 | MR | 63mm dia pvc pipe | M | 11.5 | 90 | 1035 |
| | | | 15% for wastage | | | | 155.25 | | 5% for wastage | | | | 00 |
| | | 0116 | Fitter | Day | 0.16 | 435 | 69.60 | 0116 | Fitter | Day | 0.16 | 435 | 69.60 |
| | | 0114 | Beldar | Day | 0.33 | 329 | 108.57 | 0114 | Beldar | Day | 0.33 | 329 | 108.57 |
| | | Total | | | | | 1368.42 | Total | | | | | 1213.17 |
| | | 1% water charge | | | | | 13.68 | 1% water charge | | | | | 12.13 |
| | | Total | | | | | 1382.10 | Total | | | | | 1225.30 |
| | | Cost index 30.48% | | | | | 421.26 | Cost index 30.48% on 178.17 | | | | | 54.30 |
| | | Total | | | | | 1803.36 | Total | | | | | 1279.6 |
| | | Hence for one meter | | | | | 180 | Hence for one meter | | | | | 128 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 3 | Appendix A, item 4<br>Supplying and fixing 32mm dia 10 kgf /cm2 PVC pipes<br>100 m @ Rs.131/m = 13,100 | code | Descri ption | unit | quantity | Rate | amount | code | Description | unit | quantity | Rate | Amount |
| | | Details for 10 m | | | | | | Details for 10 m | | | | | |
| | | MR | 32mm dia pvc pipe | M | 11.5 | 65 | 747.50 | MR | 63mm dia pvc pipe | M | 11.5 | 65 | 747.50 |
| | | | 15% for wastage | | | | 112.12 | | 5% for wastage | | | | 0.00 |
| | | 0116 | Fitter | Day | 0.12 | 435 | 52.20 | 0116 | Fitter | Day | 0.12 | 435 | 52.20 |
| | | 0114 | Beldar | Day | 0.25 | 329 | 82.25 | 0114 | Beldar | Day | 0.25 | 329 | 82.25 |
| | | Total | | | | | 994.07 | Total | | | | | 881.95 |
| | | 1% water charge | | | | | 9.94 | 1% water charge | | | | | 8.82 |
| | | Total | | | | | 1004.01 | Total | | | | | 890.77 |
| | | Cost index 30.48% | | | | | 306.02 | Cost index 30.48% on 134.45 | | | | | 40.98 |
| | | Total | | | | | 1310.03 | Total | | | | | 931.75 |
| | | Hence for one meter | | | | | 131 | Hence for one meter | | | | | 93 |
| 4 | Appendix A, item 5<br>Supplying and fixing 25mm dia 10 kgf /cm2 PVC pipes<br>100 m @ Rs.101/m = 10,100 | code | Descri ption | unit | quantity | Rate | amount | code | Description | unit | quantity | Rate | Amount |
| | | Details for 10 m | | | | | | Details for 10 m | | | | | |
| | | MR | 25mm dia pvc pipe | M | 11.5 | 48 | 552 | MR | 63mm dia pvc pipe | M | 11.5 | 48 | 552 |
| | | | 15% for wastage | | | | 82.80 | | 5% for wastage | | | | 00.00 |
| | | 0116 | Fitter | Day | 0.12 | 435 | 52.20 | 0116 | Fitter | Day | 0.12 | 435 | 52.20 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 0114 | Beldar | Day | 0.25 | 329 | 82.25 | 0114 | Beldar | Day | 0.25 | 329 | 82.25 |
| Total | | | | | 769.25 | Total | | | | | 686.45 |
| 1% water charge | | | | | 7.69 | 1% water charge | | | | | 6.86 |
| Total | | | | | 776.94 | Total | | | | | 693.31 |
| Cost index 30.48% | | | | | 236.81 | Cost index 30.48% on 134.45 | | | | | 40.98 |
| Total | | | | | 1013.75 | Total | | | | | 734.29 |
| Hence for one meter | | | | | 101 | Hence for one meter | | | | | 73 |

മേൽ ഇനങ്ങളിൽ കൺവീനർമാർ ചെയ്ത പ്രവൃത്തിയുടെ അളവ്, മൂല്യം, അനുവദനീയമായ നിരക്കുകൾ അടിസ്ഥാനമാക്കിയുള്ള മൂല്യം, അധികച്ചെലവ് എന്നീ വിവരങ്ങൾ ചുവടെ കണക്കാക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിശദാംശം | ചെയ്ത പ്രവൃത്തി, അനുവദിച്ച മൂല്യം (Mbook No.48/15-16) | അനുവദനീയമായ മൂല്യം | അധികം |
|---|---|---|---|---|
| 1 | Appendix A, item 2<br>Supplying and fixing 63mm dia 10 kgf /cm2 PVC pipes | 200 m x 214/m = 42,800 | 200m x 168/m = 33,600 | 9,200 |
| 2 | Appendix A, item 3<br>Supplying and fixing 50mm dia 10 kgf /cm2 PVC pipes | 95m x 180/m = 17,100 | 95m x 128/m = 12,160 | 4,940 |
| 3 | Appendix A, item 4<br>Supplying and fixing 32mm dia 10 kgf /cm2 PVC pipes | 100m x 131/m = 13,100 | 100m x 93/m = 9,300 | 3,800 |
| 4 | Appendix A, item 5<br>Supplying and fixing 25mm dia 10 kgf /cm2 PVC pipes | 95m x 101/m = 9,595 | 95m x 73/m = 6,935 | 2,660 |
| | | | ആകെ | 20,600 |

3. ഈ പ്രവൃത്തിയും ഇതിനായി 2017-18 ൽ വഹിച്ചിട്ടുള്ള ചെലവും 2017-18 ലെ ചെലവു റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ല. ഈ പ്രവൃത്തിക്ക് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയോ പ്രോജക്ടിന് നമ്പർ നൽകുകയോ ചെയ്തിട്ടില്ല. അംഗീകാരം നേടിയ വാർഷിക പദ്ധതിയിൽ ഈ പ്രവൃത്തി ഉൾപ്പെട്ടിട്ടില്ല.

2. പ്രവൃത്തിയുടെ പേര്- മൂപ്പിൽ ചാമക്കുഴി എസ്.ടി. കോളനി റോഡ് ടാറിംഗ്

അടങ്കൽ- 7 ലക്ഷം രൂപ

എസ്റ്റിമേറ്റ്- 7 ലക്ഷം (കേരള പി.ഡബ്ല്യു.ഡി ഷെഡ്യൂൾ നിരക്ക് 2012)

പേമെന്റ്- ചെക്ക് നം (037767 തിയതി 11.07.2017, തുക 5,31,454,

ചെക്ക് നം 037768 തിയതി 11.07.2017, തുക 52,079

1. പ്രവൃത്തി നടത്തിപ്പിൽ വലിയ കാലതാമസം- ഈ പ്രവൃത്തിയുടെ ഗുണഭോക്തൃ കമ്മിറ്റി രൂപീകരിച്ചത് 09.01.2016 നാണ്. 28.01.2016 ലെ യോഗത്തിൽ പഞ്ചായത്ത് കമ്മിറ്റി ഈ ഗുണഭോക്തൃ സമിതി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ കൺവീനറും സെക്രട്ടറിയും തമ്മിൽ കരാറിൽ ഏർപ്പെട്ടത് 23.06.2016 ന മാത്രമാണ്. പിന്നെയും മാസങ്ങൾ വൈകി 24.10.2016 നാണ് കൺവീനർ പ്രവൃത്തി ആരംഭിച്ചത്. 23.02.2017 ന് കൺവീനർ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും കൺവീനർക്ക് പേമെന്റ് നടത്തിയത് 11.07.2017 ൽ മാത്രമാണ്. ഇത്തരത്തിൽ പ്രവൃത്തി നടത്തിപ്പിലെ എല്ലാ ഘട്ടങ്ങളിലും വലിയ കാലതാമസം വരുത്തിയിട്ടുള്ളതായി പരിശോധനയിൽ കാണുന്നു.

2. ഈ പ്രവൃത്തിയും ഇതിനായി 2017-18 ൽ വഹിച്ചിട്ടുള്ള ചെലവും 2017-18 ലെ ചെലവു റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ല. ഈ പ്രവൃത്തിക്ക് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയോ പ്രോജക്ട് നം നൽകുകയോ ചെയ്തിട്ടില്ല. അംഗീകാരം നേടിയ വാർഷിക പദ്ധതിയിൽ ഈ പ്രവൃത്തി ഉൾപ്പെട്ടിട്ടില്ല.
മേൽ രണ്ടു പ്രവൃത്തികളിലെയും അപാകതകൾ 15.11.2018 ലെ ഓഡിറ്റ് എൻക്വയറി നം11 മുഖേന പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തിയെങ്കിലും വിശദീകരണങ്ങൾ ഒന്നും ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യങ്ങളിൽ പഞ്ചായത്തിനുണ്ടായ നഷ്ടം എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യ നിരക്കിൽ ഈടാക്കി നികത്തേണ്ടതാണ്. പ്രവൃത്തികളുടെ നിർവഹണത്തിൽ ഉണ്ടായിട്ടുള്ള കാലതാമസത്തിന് വിശദീകരണങ്ങൾ നൽകേണ്ടതും പ്രത്യേക ഫണ്ടുകൾ ഉപയോഗിച്ചുള്ള പ്രവൃത്തികളിൽ ഇത്തരത്തിൽ കാലതാമസം ഉണ്ടാവുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്.

## 3-7 മരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിൽ വിവിധങ്ങളായ അപാകതകൾ

2017-18 വർഷം നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ വിവിധങ്ങളായ അപാകതകൾ സംഭവിച്ചിട്ടുള്ളതായി പരിശോധനയിൽ കാണുന്നു. പൊതുമരാമത്ത് പണികൾക്കായുള്ള ചട്ടങ്ങൾ, സാങ്കേതിക മാർഗനിർദേശങ്ങൾ, ഫയൽ സൂക്ഷിക്കുന്നതിനുള്ള നിർദേശങ്ങൾ തുടങ്ങിയവയുടെ ലംഘനങ്ങൾ മൂലം ഉണ്ടായിട്ടുള്ള അപാകതകളുടെ ചുരുക്ക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി, പ്രോജക്ട് നം, മറ്റു വിവരങ്ങൾ | അപാകതകൾ |
|---|---|---|
| 1 | പ്രോജക്ട് നം 128/17-18,<br>വെണ്ണിക്കുന്ന് അങ്കണവാടിക്ക് ബോർവെൽ | ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളത് 12.10.2017 നാണ്. (Order No.LSGD/TS/2017-18/116888 dated 12.10.2017 of the A.Exe.E, LSGD subdivision Parappa. എന്നാൽ ഈ പ്രവൃത്തിയുടെ ടെണ്ടർ നടത്തിയത് 22.08.2017 നാണെന്ന് കാണുന്നു. സാങ്കേതികാനുമതി ലഭിക്കുന്നതിന് മുമ്പേ പ്രവൃത്തി ടെണ്ടർ ചെയ്തതായി കാണുന്നു. |

| | | |
|---|---|---|
| | | |
| 2 | പ്രോജക്ട് നം 205/17-18, ചുള്ളിക്കര അങ്കണവാടിക്ക് ചുറ്റുമതിൽ, റിപ്പയർ | 2 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള ഈ പ്രവൃത്തിയിൽ 1,23,287 രൂപ മൂല്യമുള്ള പ്രവൃത്തികൾ ചെയ്ത കൺവീനർക്ക് 27.02.2018 ന് പാർട്ട് ബിൽ നൽകിയിട്ടുണ്ട്. എന്നാൽ പിന്നീട് നാളിതു വരെ ബാക്കി പ്രവൃത്തികൾ ചെയ്തിട്ടില്ല. പ്രവൃത്തി അപൂർണമായ സ്ഥിതിയിൽ ഉപേക്ഷിക്കപ്പെട്ടു. |
| 3 | പ്രോജക്ട് നം 119/18, നായ്ക്കയം നായ്ക്കയം തട്ട് റോഡ് റീടാറിംഗ് | ഈ പ്രവൃത്തിയുടെ എം.ബുക്കിലെ (നം. 438 ) പേജ് 8 പ്രകാരം 0/010 -0/068 എന്ന ചെയിനേജിൽ 58 മീറ്റർ നീളത്തിൽ WBM ഇടുകയും അതേ പ്രതലത്തിൽ തന്നെ പേജ് 14 പ്രകാരം ബിറ്റുമിൻ ടാക്ക് കോട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ എം. ബുക്കിലെ പേജ് 15പ്രകാരം 0/058-0/182 എന്ന ചെയിനേജിൽ ടാക്ക് കോട്ട് ഇട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ 0/058-0/068 എന്ന ചെയിനേജിലെ 10 മീറ്റർ നീളത്തിൽ രണ്ട് ടാക്ക് കോട്ടുകൾ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. |
| 4 | പ്രോജക്ട് നം 226/18 , കോടോത്ത് ആഗ്രോ സർവീസ് സെന്ററിന് ഷീറ്റ് റൂഫിംഗ്, ഗ്ലാസ് ഫാബ്രിക്കേഷൻ | ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് 18.02.2016 ന് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തി ടെണ്ടർ ചെയ്തത് 15.02.2017 ന് മാത്രമാണ്. ഒരു വർഷത്തെ കാലതാമസം വരുത്തിയാണ് ടെണ്ടർ ചെയ്തത്. |
| 5 | ATSP- തൊട്ടിലായി പൊതുകിണർ റിപ്പയർ | ATSP ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ ഇനത്തിൽ 70,663 രൂപ 20.10.2017 ന് കൺവീനർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയുടെ നികുതികളും ക്ഷേമനിധി വിഹിതവും ഒടുക്കിയതിന്റെ രേഖകൾ ഫയലിൽ ഇല്ല. നികുതികളും ക്ഷേമനിധി വിഹിതവും ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. |
| 6 | പ്രോജക്ട് നം 114/18- ഉദയപുരം ളുങ്ങൽ റോഡ് ടാറിംഗ്<br>കരാറുകാരൻ- ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം | റോഡ് ടാറിംഗ് റീ ടാറിംഗ് പ്രവൃത്തികൾ- ബിറ്റുമിന്റെയും എമൽഷന്റെയും ഒറിജിനൽ ബിൽ ഇല്ലാതെ പേമെന്റ് നടത്തി.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതു മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് (പി)നം.96/2016/ഫിൻ, തിയതി 15.07.2016 പ്രകാരം ബിറ്റുമിനസ് ഇനങ്ങളുടെ പേമെന്റ് ഒറിജിനൽ ഇൻവോയ്സുകളുടെ ബലത്തിൽ മാത്രമേ നടത്താവൂ എന്ന് |

| | | |
|---|---|---|
| | | വ്യക്തമാക്കിയിട്ടുണ്ട്. |
| 7 | പ്രോജക്ട് നം 285/18- ഉദയപുരം കാട്ടൂർ റോഡ് റീടാറിംഗ്<br>കരാറുകാരൻ- ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം | റോഡ് ടാറിംഗ് റീ ടാറിംഗ് പ്രവൃത്തികൾ- ബിറ്റുമിന്റെയും എമൽഷന്റെയും ഒറിജിനൽ ബിൽ ഇല്ലാതെ പേമെന്റ് നടത്തി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതു മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് (പി)നം.96/2016/ഫിൻ, തിയതി 15.07.2016 പ്രകാരം ബിറ്റുമിനസ് ഇനങ്ങളുടെ പേമെന്റ് ഒറിജിനൽ ഇൻവോയ്സുകളുടെ ബലത്തിൽ മാത്രമേ നടത്താവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. |
| 8 | പ്രോജക്ട് നം 44/18- ഉദയപുരം കുതിരക്കല്ല് റോഡ് ടാറിംഗ്<br>കരാറുകാരൻ- ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം | റോഡ് ടാറിംഗ് റീ ടാറിംഗ് പ്രവൃത്തികൾ- ബിറ്റുമിന്റെയും എമൽഷന്റെയും ഒറിജിനൽ ബിൽ ഇല്ലാതെ പേമെന്റ് നടത്തി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതു മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് (പി)നം.96/2016/ഫിൻ, തിയതി 15.07.2016 പ്രകാരം ബിറ്റുമിനസ് ഇനങ്ങളുടെ പേമെന്റ് ഒറിജിനൽ ഇൻവോയ്സുകളുടെ ബലത്തിൽ മാത്രമേ നടത്താവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. |
| 9 | പ്രോജക്ട് നം 18/18- ഉദയപുരം പിണ്ടിക്കടവ് റോഡ് റീ ടാറിംഗ്<br>കരാറുകാരൻ- ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം | റോഡ് ടാറിംഗ് റീ ടാറിംഗ് പ്രവൃത്തികൾ- ബിറ്റുമിന്റെയും എമൽഷന്റെയും ഒറിജിനൽ ബിൽ ഇല്ലാതെ പേമെന്റ് നടത്തി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതു മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് (പി)നം.96/2016/ഫിൻ, തിയതി 15.07.2016 പ്രകാരം ബിറ്റുമിനസ് ഇനങ്ങളുടെ പേമെന്റ് ഒറിജിനൽ ഇൻവോയ്സുകളുടെ ബലത്തിൽ മാത്രമേ നടത്താവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. |

മേൽ അപാകതകൾക്ക് 15.11.2018 ലെ ഓഡിറ്റ് എൻക്വയറി നം 12, 13 എന്നിവ പ്രകാരം വിശദീകരണങ്ങൾ ആരാഞ്ഞെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ വിഷയം പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. ഓരോ പ്രവൃത്തിയും വിശദമായി പരിശോധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും അധിക രേഖകൾ കണ്ടെത്തി ഹാജരാക്കേണ്ടതുമാണ്.

## 3-8 ഏറ്റെടുത്ത പൊതുമരാമത്ത് പ്രോജക്ടുകൾ യഥാസമയം

## നടപ്പിലാക്കാനായിട്ടില്ല- ചെലവിൽ വലിയ ഇടിവ്

2017-18 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകരിച്ച മരാമത്ത് പണികളിൽ മിക്കതിലും 2017-18 വർഷത്തിൽ ചെലവ് നടത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ പദ്ധതിച്ചെലവിൽ വലിയ ഇടിവ് വന്നതായും വലിയ എണ്ണം പ്രോജക്ടുകൾ തുടർ വർഷത്തേക്ക് മാറ്റി വയ്ക്കേണ്ടി വന്നിട്ടുള്ളതായും ശ്രദ്ധയിൽപെട്ടു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗീകരിച്ച മരാമത്ത് പ്രോജക്ടുകൾ | | മരാമത്ത് പ്രോജക്ടുകൾക്കായി 2017-18 ൽ നടത്തിയ ചെലവ് | | | |
|---|---|---|---|---|---|
| എണ്ണം | അടങ്കൽ തുക (കോടി) | എണ്ണം | ചെലവ് തുക (കോടി) | ശതമാനം (എണ്ണം) | ചെലവു തുക ശതമാനം |
| 229 | 19.17 | 77 | 2.77 | 34 | 14.44 |

അംഗീകരിച്ച 229 പ്രോജക്ടുകളിൽ 77 എണ്ണത്തിൽ മാത്രമേ 2017-18 ചെലവു നടത്താനായിട്ടുള്ളൂ. അതിനാൽ തന്നെ മരാമത്ത് പ്രോജക്ടുകൾക്കായി 19.17 കോടി രൂപ പദ്ധതിയിൽ വകയിരുത്തിയതിൽ 2.77 കോടി രൂപ മാത്രമാണ് തൻ വർഷ ചെലവ്. കേവലം 14.44% മാത്രമാണ് ചെലവ് ശതമാനം. അസിസ്റ്റന്റ് എഞ്ചിനീയർ നടത്തിയ ചെലവിലെ മേൽ പരാമർശിച്ച ഇടിവ് മൂലം പഞ്ചായത്തിന് അലോട്ട് ചെയ്ത വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഫണ്ട്, ലോക ബാങ്ക് ധനസഹായം എന്നിവ വർഷാവസാനം ലാപ്സായതിന് മുഖ്യ കാരണമായിട്ടുണ്ട്.

തൻവർഷം റോഡ് ടാറിംഗ്/റീടാറിംഗ്/മെച്ചപ്പെടുത്തൽ എന്നിവയ്ക്കായി 121 പദ്ധതികൾ രൂപീകരിച്ചിരുന്നുവെങ്കിലും 66 എണ്ണത്തിനു മാത്രമേ ചെലവു നടത്താനായിട്ടുള്ളൂ. മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) വകയിരുത്തിയ 41 പ്രോജക്ടുകളിൽ 30 എണ്ണത്തിലും ഈ വർഷം ചെലവു ചെയ്തിട്ടില്ല. ഇത്തരത്തിൽ ഓരോയിനം പ്രവൃത്തികളിലും നടപ്പിലാക്കാനാവാത്തവ പ്രത്യേക പരിശോധനകൾക്കു വിധേയമാക്കി കാര്യ കാരണങ്ങൾ കണ്ടെത്തി തുടർ വർഷങ്ങളിലെ പദ്ധതി നിർവഹണത്തിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-9 വിദ്യാർത്ഥികൾക്ക് പഠന ഉപകരണങ്ങൾ (പട്ടിക വർഗ്ഗം)- ചെലവ് രേഖകൾ അപൂർണ്ണം

2017-18 വർഷം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ പ്രൊ.നം 55/17-18 (ടി.എസ്.പി)- വിദ്യാർത്ഥികൾക്ക് പഠന ഉപകരണങ്ങൾ വിതരണം (മേശ, കസേര) പദ്ധതി പ്രകാരം 3,37,038 രൂപ (ട്രഷറി ബിൽ നമ്പർ 0238797/13-07-2017) എസ്.കെ.ഇന്റർനാഷണൽ കാഞ്ഞങ്ങാട് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത രേഖകളും വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

എ) സ്കൂൾ അധികൃതരിൽ നിന്നുമുള്ള വിദ്യാർഥികളുടെ വിവരങ്ങൾ ഉൾപ്പെടുന്ന സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ബി) സ്കൂൾ അധികൃതർ മുഖേന വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഫർണിച്ചർ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട ഒരു വിതരണ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായി. ഇതിൽ 84 കുട്ടികളുടെ പേര് വിവരങ്ങളും ഒപ്പം

രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫർണിച്ചർ വിതരണം ചെയ്ത സ്ഥാപനം ലഭ്യമാക്കിയ സപ്ലൈ ബിൽ/ഇൻവോയ്സ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ഫർണിച്ചർ ലഭിച്ചതിന്റെയും വിതരണം ചെയ്തതിന്റെയും കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

സി) പർച്ചേസിങ്ങ് കമ്മിറ്റി മിനിട്സിലെ (30-3-2017) രേഖപ്പെടുത്തൽ പ്രകാരം പദ്ധതിയ്ക്കായി മൂന്ന് ടെണ്ടറുകളാണ് ലഭിച്ചിരുന്നത്. ഇതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെയാണ് ഫർണിച്ചർ സപ്ലൈ ചെയ്യുവാൻ തെരഞ്ഞെടുത്തത്. എന്നാൽ ലഭിച്ച ടെണ്ടറുകൾ, ഫർണിച്ചർ വിതരണം ചെയ്ത സ്ഥാപനം ലഭ്യമാക്കിയ സപ്ലൈ ബിൽ/ഇൻവോയ്സ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഡി) കൂടാതെ വാങ്ങൽ നടപടികൾ അംഗീകരിച്ച മേൽ തിയതിയിലെ പർച്ചേസിങ്ങ് കമ്മിറ്റി മിനിട്സിൽ സെക്രട്ടറി മാത്രമാണ് ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

മേൽ പരാമർശിച്ച ന്യൂനതകൾ പരിഹരിച്ച് ബന്ധപ്പെട്ട രേഖകൾ, വിശദീകരണങ്ങൾ എന്നിവ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. ആയത് വരെ പദ്ധതിയ്ക്കായി നടത്തിയ 3,37,038 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 പഠന മുറി നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു.

2017-18 വർഷം നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ നടപ്പാക്കിയ പഠനമുറി നിർമ്മാണം [പട്ടികജാതി വിഭാഗം (പ്രൊ.നം.301/18)] പദ്ധതി പ്രകാരം ഏതാനും ഗഡുക്കൾ കൈപ്പറ്റിയ, ചുവടെ ചേർത്ത ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ച് അന്തിമ മൂല്യനിർണ്ണയ സാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല. പഠനമുറി നിർമ്മാണം എത്രയുംവേഗം പൂർത്തീകരിച്ച് മൂല്യനിർണ്ണയ സാക്ഷ്യപത്രം, മോണിറ്ററിങ്ങ് സമിതി സാക്ഷ്യപത്രം സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | വിദ്യാർത്ഥിയുടെ പേര് | രക്ഷിതാവിന്റെ പേര് | വാർഡ് നം | കൈപ്പറ്റിയ തുക(രൂപ) |
|---|---|---|---|---|
| 1 | മുരളിക.കെ.വി. | വിജയൻ | I | 75,000 |
| 2 | കിഷോർ.ഇ.കെ. | കണ്ണൻ.കെ | II | 75,000 |
| 3 | ശരത്കുമാർ.കെ. | കമ്മാടൻ.എച്ച്. | III | 75,000 |
| 4 | വികാസ്.വി.എസ്. | വേണുഗോപാലൻ | IV | 50,000 |
| 5 | സജയ് പ്രമോദ് | പ്രമോദ്.എം.കെ. | V | 75,000 |
| 6 | സജിത്ത് | കുഞ്ഞിക്കണ്ണൻ | VI | 75,000 |
| 7 | കുമാരി.കെ. | ചിരുത | VII | 75,000 |

| | | | | |
|---|---|---|---|---|
| 8 | രേഷ്മ.പി. | രമണി.പി | VIII | 75,000 |
| 9 | ജിഷ്ണ നാരായണൻ | പുഷ്പ.എം | IX | 75,000 |
| 10 | നിതിൻ.കെ.സി. | മീനാക്ഷി.സി.എച്ച് | X | 75,000 |
| 11 | മന്യ.പി. | മിനി.പി | XI | 75,000 |
| 12 | അശ്വതി.എൻ.എസ്. | ശശി.സി | XII | 75,000 |
| 13 | വിഷ്ണ.എൻ | ഓമന.സി | XIII | 75,000 |
| 14 | നവീൻ.കെ | നാരായണി.സി.കെ | XIV | 75,000 |
| 15 | അർജ്ജുൻ.പി | ജാനു.ടി.കെ | XV | 75,000 |
| 16 | മന്യ.എം | മാധവൻ.എം | XVI | 75,000 |
| 17 | ആശ.കെ | ശാന്ത | XVII | 75,000 |
| 18 | സതീഷ്.എം | പുഷ്പലത | XVIII | 50,000 |
| 19 | മനു.കെ | നാരായണൻ.കെ | XIX | 75,000 |
| ആകെ | | | | 13,75,000 |

## 3-11 ഭവന നിർമ്മാണപദ്ധതികൾ പൂർത്തിയാക്കാത്തത് സംബന്ധിച്ച്

മുൻ വർഷങ്ങൾ മുതൽ നടപ്പിലാക്കി വരുന്ന വിവിധ ഭവനനിർമ്മാണ പദ്ധതികളിൽ ധനസഹായം കൈപ്പറ്റിയിട്ടും നാളിതുവരെയായും ഭവനനിർമ്മാണം പൂർത്തിയാക്കാത്തതും, 2017-18 ൽ തുടങ്ങിയ നിർമ്മാണം പൂർത്തീകരിക്കാത്തതുമായ ഗുണഭോക്താക്കളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്,വിലാസം | നിർമ്മാണം തുടങ്ങിയത് | കൈപ്പറ്റിയ തുക(രൂപ) | ബാക്കി തുക(രൂപ) | പൂർത്തീകരിച്ച ഘട്ടം |
|---|---|---|---|---|---|
| നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി | | | | | |
| 1 | തങ്കമണി കണ്ണൻ, ളുങ്ങൽ | 2014-15 | 1,90,000 | 1,10,000 | ലിന്റൽ |
| 2 | നാരായണി D/o കണ്ണൻ | 2014-15 | 2,70,000 | 30,000 | മേൽക്കൂര |

| | | | | | |
|---|---|---|---|---|---|
| 3 | തമ്പായി ഗോപി,കോളിയാർ | 2014-15 | 2,70,000 | 30,000 | മേൽക്കൂര |
| 4 | കാർത്യായനി D/o കുംഭ | 2014-15 | 2,00,000 | 1,00,000 | ചുമർ |
| 5 | കൊട്ടി എന്ന ലീല W/o രാമൻ | 2014-15 | 1,90,000 | 1,10,000 | ചുമർ |
| 6 | ഭാർഗ്ഗവി W/o അഡൂർ | 2014-15 | 2,00,000 | 1,00,000 | ചുമർ |
| 7 | മുത്തശ്ശി W/o നാർക്കളൻ | 2014-15 | 2,70,000 | 30,000 | മേൽക്കൂര |
| നിർവഹണം - വി.ഇ.ഒ. തായന്നൂർ സർക്കിൾ | | | | | |
| 8 | അമ്മിണി തോമസ്, താന്നിക്കുന്നേൽ, പടിമരുത് | 2008-09 | 50,000 | 45,000 | ഗുണഭോക്താവ് മരണപ്പെട്ടു. അനന്തരാവകാശികൾ പഞ്ചായത്തിൽ താമസമില്ല. |
| 9 | കുഞ്ഞിരാമൻ ആചാരി, കരിച്ചേരിവളപ്പിൽ, കോടോത്ത് | 2009-10 | 75,000 | 52,500 | ഗുണഭോക്താവ് മരണപ്പെട്ടു. അനന്തരാവകാശികൾ പഞ്ചായത്തിൽ താമസമില്ല. |
| 10 | എല്യമ്പൻ S/o കുഞ്ഞിക്ക, ക്ലായിക്കോട്, പരപ്പ | 2008-09 | 1,00,000 | 45,000 | ഗുണഭോക്താവ് മരണപ്പെട്ടു. അനന്തരാവകാശികൾ പഞ്ചായത്തിൽ താമസമില്ല. |
| 11 | ഫിലോമിന W/o മത്തായി, വലിയകൊട്ടാരം, ശാസ്താംപാറ, കാലിച്ചാനടുക്കം | 2010-11 | 75,000 | 52,500 | തുക പലിശ സഹിതം തിരിച്ചടച്ചു |
| 12 | നാരായണി.ടി W/o കണ്ണൻ, ചെന്തളം | 2009-10 | 75,000 | 52,500 | ചുമർ |

പൂർത്തിയാക്കാനുള്ള ഭവനനിർമ്മാണങ്ങൾ ഗുണഭോക്താക്കളെകൊണ്ട് എത്രയും വേഗം പൂർത്തീകരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം(പട്ടികവർഗ്ഗം) പദ്ധതിയിലെ അപാകതകൾ

പദ്ധതി നം - 58/18 (സ്പിൽ ഓവർ), നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

ഈ പദ്ധതി പ്രകാരം, യോഗ്യരായ ഗുണഭോക്താക്കൾക്ക് ₹ 50,000/- വീതം ബാക്ക് എൻഡ് സബ്സിഡിയായി, ഗുണഭോക്താവിന് ലോൺ അനുവദിക്കുന്ന ബാങ്കിലേക്ക് നൽകുകയാണ് ചെയ്യുന്നത്. അസിസ്റ്റന്റ് സെക്രട്ടറിയുടെ ബിൽ നം - 05/17-18 തി.20.03.18 പ്രകാരം ₹ 1,00,000 പിൻവലിച്ച് രണ്ട് ഗുണഭോക്താക്കളുടെയും ലോൺ അനുവദിച്ച ബാങ്കുകൾക്ക് അനുവദിച്ചതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ | ഗുണഭോക്താവിന്റെ പേര് | കണ്ട അപാകതകൾ |
|---|---|---|

| നം. | | |
|---|---|---|
| 1 | മധു.എം,<br>S/o: മാണി,കൊടക്കൽ, മൊയാലം, തായന്നൂർ | * എംപ്ലോയ്മെന്റ് രജിസ്ട്രേഷന്റെ വിശദാംശങ്ങളില്ല.<br>*കമ്യൂണിറ്റി സർട്ടിഫിക്കറ്റ് ഇല്ല.<br>*ബന്ധപ്പെട്ട ഫയലിൽ സൂക്ഷിച്ചിട്ടുള്ള രേഖകളുടെ പകർപ്പുകളിൽ മൂന്നിലും വ്യത്യസ്തമായ വിലാസമാണ് ചേർത്തിട്ടുള്ളത് (ഡ്രൈവിങ് ലൈസൻസിൽ- വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിലെ, വരുമാന സർട്ടിഫിക്കറ്റിൽ കിനാനൂർ- കരിന്തളം ഗ്രാമപഞ്ചായത്തിലെ, റേഷൻ കാർഡിൽ കോടോം-ബേളൂർ ഗ്രാമപഞ്ചായത്തിലെ). ഇക്കാരണത്താൽ ഇദ്ദേഹം ഏത് പഞ്ചായത്തിലെ സ്ഥിരതാമസക്കാരനാണെന്ന് വ്യക്തമല്ല. കൂടാതെ ഈ പഞ്ചായത്തുകളിൽ നിന്നും ഇത്തരത്തിൽ ആനുകൂല്യം ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമല്ല.<br>* ലോൺ പാസ്ബുക്ക്, വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷുറൻസ് മുതലായവയോ അവയുടെ പകർപ്പുകളോ പരിശോധനക്ക് ലഭ്യമാക്കുകയുണ്ടായില്ല. |
| 2 | സുരേഷ് .ആർ<br>മൂപ്പിൽ,കാലിച്ചാനടുക്കം | * വരുമാന സർട്ടിഫിക്കറ്റില്ല<br>* ലോൺ പാസ്ബുക്ക്, വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷുറൻസ് മുതലായവയോ അവയുടെ പകർപ്പുകളോ പരിശോധനക്ക് ലഭ്യമാക്കുകയുണ്ടായില്ല. |

ഈ അപാകതകൾ പരിഹരിക്കുന്നതിന് വിധേയമായി, മുകളിൽ സൂചിപ്പിച്ച ബിൽ പ്രകാരം പിൻവലിച്ച ₹ 1,00,000/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-13 വ്യക്തിഗത സബ്സിഡി അനുവദിക്കുന്നതിന് നിരീക്ഷണ/മോണിട്ടറിങ് സംവിധാനമില്ല, പരിധി കവിഞ്ഞ് നൽകിയ സബ്സിഡി തുക തിരികെ ഈടാക്കേണ്ടതാണ്.

വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കുന്ന പദ്ധതികളിലൂടെ ഓരോ വ്യക്തിക്കും നൽകുന്ന ധനസഹായം എത്രയെന്ന് പരിശോധിക്കുന്നതിനോ, അവയുടെ വിതരണം മോണിട്ടർ ചെയ്യുന്നതിനോ ഉള്ള ഒരു സംവിധാനവും പഞ്ചായത്തിൽ പ്രവർത്തനക്ഷമമല്ലെന്ന് കാണാവുന്നതാണ്. ജി.ഒ (എം.എസ്) 80/17/ തസ്വഭവ തിയ്യതി 03-04-2017 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 2.17 പ്രകാരം പൊതുവിഭാഗത്തിന് വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള പരമാവധി കുടുംബ വാർഷിക സബ്സിഡിയുടെ പരിധി 30,000/- രൂപയാണ്.

2017-18 വർഷത്തിൽ കൃഷി ഓഫീസർ നിർവഹണം ചെയ്ത വിവിധ പദ്ധതികളുടെ പരിശോധനയിൽ പൊതുവിഭാഗത്തിൽ പെട്ട ഏതാനും ഗുണഭോക്താക്കൾക്ക് അനുവദനീയമായ പരിധിയിലും കൂടുതൽ തുക, സബ്സിഡിയായി നൽകിയതായി കാണുന്നു. കൂടാതെ ഇതിൽ ഒരു കുടുംബത്തിൽ പെട്ട രണ്ട് അംഗങ്ങളും ഉൾപ്പെടുന്നു(ക്രമ നം.03 & 04). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര. നം | ഗുണഭോക്താവിന്റെ പേര് | പ്രോജക്ടിന്റെ പേര്, നമ്പർ | ബിൽ നം, തിയതി | സബ്സിഡി തുക (രൂപ) |
|---|---|---|---|---|

| | | | | നൽകിയത് | ആകെ | അധികം |
|---|---|---|---|---|---|---|
| 1 | V Janardhanan Nair | PadyDev.(35/18) | 733459/06.01.18 | 18400 | 34100 | 4100 |
| | | WellRech(390/18) | ch.402694/ 31.03.18 | 7200 | | |
| | | PadyDev.(35/18) | ch.402699/ 31.03.18 | 8500 | | |
| 2 | K Gopalakrishnan | PadyDev.(35/18) | 733463/06.01.18 | 14300 | 49650 | 19650 |
| | | PadyDev.(35/18) | 1244991/26.03.18 | 17500 | | |
| | | PadyDev.(35/18) | ch.7543725/ 31.03.18 | 8500 | | |
| | | PadyDev.(35/18) | ch.402699/ 31.03.18 | 9350 | | |
| 3 | Roy K L | PadyDev.(35/18) | 734830/06.01.18 | 14000 | 57300 | 27300 |
| | | PadyDev.(35/18) | 1244991/26.03.18 | 12200 | | |
| | | Veg Dev(41/18) | 1085698//28.02.18 | 5100 | | |
| | | Veg Dev(41/18) | 1244984/26.03.18 | 3900 | | |
| | | PadyDev.(35/18) | ch.7543725/ 31.03.18 | 6800 | | |
| | | PadyDev.(35/18) | ch.7543725/ 31.03.18 | 6800 | | |
| | | Veg Dev(41/18) | ch.7543726/ 31.03.18 | 6800 | | |
| | | Veg Dev(41/18) | ch.7543726/ 31.03.18 | 1700 | | |
| 4 | Sheena George | PadyDev.(35/18) | 733467/06.01.18 | 6800 | 13600 | 13600 * |
| | | PadyDev.(35/18) | ch.7543725/ 31.03.18 | 6800 | | |
| | സബ്സിഡിയിനത്തിൽ അധികമായി അനുവദിച്ച ആകെ തുക | | | | | 64650 |
| | *ക്രമ നം.03&04 എന്നിവർ ഒരേ കുടുംബത്തിൽ പെട്ടതായതിനാലും,ഇവരുടെ കുടുംബ വാർഷിക സബ്സിഡി പരിധി കഴിഞ്ഞതിനാലും, ₹ 13600/- അധിക സബ്സിഡിയായി കണക്കാക്കുന്നു. | | | | | |

കുടുംബ വാർഷിക സബ്സിഡിയുടെ പരിധി കഴിഞ്ഞ് അനുവദിച്ച തുക ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നോ ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നോ ഈടാക്കേണ്ടതാണ്. മറ്റ് നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളിലെ ഗുണഭോക്താക്കളുടെ പട്ടിക പരിശോധിച്ച്, വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള മേൽ പരിധിയേക്കാൾ കൂടിയ തുക ഏതെങ്കിലും ഗുണഭോക്താവ് സബ്സിഡിയായി കൈപ്പറ്റിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും, അങ്ങനെയുണ്ടെങ്കിൽ അത് ക്രമീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി - 15 (തിയതി-15.11.18)

## 3-14 വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികൾ സംബന്ധിച്ച്

വെറ്റിനറി സർജൻ 2017-18 വർഷത്തിൽ നിർവ്വഹണം നടത്തിയ പദ്ധതികളുമായി ബന്ധപ്പെട്ട ചെലവ് രേഖകളുടെ പരിശോധനയിൽ ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപെടുകയുണ്ടായി

1. വനിതകൾക്ക് ബ്രോയിലർ യൂണിറ്റ്-

പ്രോജക്ട് നം 93/18 അടങ്കൾ-5,00,000+5,00,000(ഗു.വി)-10,00,000

ചെലവ് 25,000 രൂപ(2017-18 വർഷത്തിൽ)

വെറ്റി സർജൻ ബിൽ.നം .4/2017-18 തിയതി 24-3-2018 പ്രകാരം 25,000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ബ്രോയിലർ യൂണിറ്റ് സബ്സിഡിയായി ഷൈജി.എൻ.വി.എന്ന ഗുണഭോക്താവിനു നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം 25000 രൂപ സബ്സിഡി നൽകുമ്പോൾ, 25000 രൂപ ഗുണഭോക്തൃ വിഹിതമിനത്തിൽ വിനിയോഗിക്കണം. 1000 ഇറച്ചി കോഴികളെ വളർത്താനുള്ള പദ്ധതിയാണിത്. 2017-18 വർഷത്തിൽ ഒരു ഗുണഭോക്താവിനു മാത്രമാണ് 25,000 രൂപ നൽകിയത്. 2018-19 വർഷത്തിലും ഈ പ്രോജക്ട് തുടരുന്നുണ്ട്.

ഈ പദ്ധതിയുടെ അപാകതകൾ താഴെ നൽകുന്നു.

1. ഈ പദ്ധതിയുടെ ഗുണഭാക്താവ് ഷൈജി.എൻ.വി. പൗൾട്രി ഫാമിനുള്ള ലൈസൻസ് എടുത്തതായി കാണുന്നില്ല. ഷൈജി.എൻ.വി.യുടെ ഭർത്താവ് ജിജി.കെ.(റേഷൻ കാർഡ് പ്രകാരം) പൗൾട്രി ഫാം നുള്ള ലൈസൻസ് (29-11-2017 മുതൽ 31-3-2018 വരെയുള്ളത്) എടുത്തതായി കാണുന്നു. ഗുണഭോക്താവ് ഷൈജി.എൻ.വി.ക്ക് പൗൾട്രി ഫാമിനുള്ള ലൈസൻസ് ഇല്ലാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.
2. കോഴികൾക്ക് വാക്സിനേഷൻ നൽക്കിയതിന്റെ രേഖ ഹാജരാക്കിയിട്ടില്ല.
3. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്ട്സ്, പ്രോജക്ടിന്റെ മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ പദ്ധതിയ്ക്കായി തൻവർഷം നടത്തിയ 25,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2 . പക്ഷികളെ ലഭ്യമാക്കൽ പദ്ധതി -

പ്രോജക്ട് നം 95/18

അടങ്കൽ 9,16,000 രൂപ (4,00,000 സബ്സിഡി+5,16,000 ഗുണഭോക്തൃവിഹിതം)

മൊത്തം 160യൂണിറ്റ്-5,725രൂപ (2500സബ്സിഡി+3225ഗുണഭോക്തൃവിഹിതം)

1 യൂണിറ്റ് 50 കോഴി (50 x114.50-5725 രൂപ)

2017-18 ലെ ചെലവ്-50,000 രൂപ (20 ഗുണഭോക്താക്കൾ) 2018-19 ലും ഈ പ്രോജക്ട് തുടരുന്നുണ്ട്.

| ബിൽ നം/തിയതി | തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 5/2017-18/24-3-2018<br>(2017-18) | 50,000 | 20 (2500 x 20=50,000) |

മുകളിൽ കാണിച്ചത് പ്രകാരം വെറ്റിനറി സർജൻ ബിൽ.നം .5/2017-18 തി 24-3-2018 പ്രകാരം 50,000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് 1000 മുട്ടക്കോഴികളുടെ വിലയായി ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ 1,00,000 രൂപ രേവതി എഗ്ഗർ നേഴ്സറി എന്ന സ്ഥാപനത്തിന നൽകിയിട്ടുണ്ട്.

ഈ പദ്ധതിയുടെ അപാകതകൾ താഴെ നൽകുന്നു.

1. പ്രോജക്ട് പ്രകാരം യൂണിറ്റ് കോസ്റ്റ് 5725 രൂപ. (2500 സബ്സിഡി,3,225രൂപ ഗുണഭോക്തൃ വിഹിതം).എന്നാൽ 2500 രൂപ മാത്രമാണ് ഗുണഭോക്തൃ വിഹിതം സമാഹരിച്ചത്. ഇതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്
2. കോഴികൾക്ക് വാക്സിനേഷൻ നൽകിയതിന്റെ രേഖ ,പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്ട്സ് , പ്രോജക്ടിന്റെ മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ആയതിനാൽ പദ്ധതിയ്ക്കായി 2017-18വർഷത്തിൽ വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 50,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3. പെണ്ണാട് വിതരണം (ജനറൽ)

പ്രോജക്ട് നം 99/18

അടങ്കൽ 4,00,000 രൂപ(2,00,000+2,00,000 (ഗു.വി)

